ഇരുമ്പുസേഫ് സക്രാരി

ഇതു കട്ടിയുള്ളതും ബോംബെയറിങ്ങു വെച്ചുവതിലിംനർ രണ്ടു ഭാഗത്തും ഉണ്ടുകളും ഏഴു ലിവർ ഉള്ള പൂട്ടുവെച്ച സാക്ഷപോലെ നീങ്ങുന്ന തരത്തിൽ Handle വെച്ചു ഭദ്രമായ് ഉറപ്പിക്കുന്ന തരത്തിൽ ഇപ്പോൾ പണി തീർത്തുകിട്ടുന്നതിനു

A. N. T. JOSEPH METAL WORKS
PHONE 6 VALAPAD

Reg: No K. 31

തൊഴിലാളി

Founder: Father Vadakkan : Managing Editor B. Wellington B A.

'തൊഴിലാളി' വരിസംഖ്യാ നിരക്ക്

	പോസ്റ്റ്പീഡ്	പോസ്റ്റ്വീഡി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് അടക്കം		2_10
കാറപ്രതി	0_07	0_10

മാനേജർ.

പുസ്തകം 12 | ലക്കം 138 | 1965 മേയ് 26 ബുധൻ തൃശൂർ | വില 7 പൈസ | പേജ് 4

അതിർത്തിയിൽ വെടിതുടരുന്നു

പാക് ആക്രമണത്തെ ഇന്ത്യൻസേന സുശക്തമായി ചെറുത്തു

(പി. ടി. ഐ.) ഷില്ലോങ്ങ് മെയ് 25

ലതിതിള്ളാ_ഉമാബാരി പ്രദേശത്തു് ഇന്നലെ പാകിസ്ഥാൻ നടത്തിയ വെടിവെപ്പിനു് ഏറ്റവും ചുരുങ്ങിയ തോതിലുള്ള ബലംപ്രയോഗിച്ചു് ഇന്ത്യൻ അതിർത്തി കാവൽസേന തക്ക തിരിച്ചടി കൊടുത്തതായി ഇന്നിവിടെ ഔദ്യോഗികമായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

സൂര്യാസ്തമനത്തിനും അരമണിക്കൂർ മുമ്പു് രണ്ടുപേർ കൊല്ലപ്പെട്ടതായി റിമിടയിൽ പാകിസേന 900 റൌണ്ടു് പ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്. വെടിവെച്ചു. മെയ് 23 രാത്രി അതിർത്തിയിലുള്ള ജീവനാശത്തിൻറെ വിശദവിവരത്തെ ഒരു പുഴ കടന്നു് പാകിസ്ഥാൻ പട്ടാളക്കാർ ഇരച്ചുകയറിയതിനെ തുടർന്നു് ഇന്ത്യൻ കാം ലഭിച്ചിട്ടില്ലെങ്കിലും പാകിസ്ഥാൻ പ്രദേശത്തു പ്രവേശിച്ചുവെന്നും റിപ്പോർട്ടിൽ തുടർന്നുപറഞ്ഞു.

ജാഗ്രതയായി നിന്നിരുന്ന ഇന്ത്യൻ കാവൽഭടന്മാർ തിരിച്ചടിച്ചുവെന്നും റിപ്പോർട്ടിൽ പറയുന്നു.

....

കോമൺവെൽത്തു് ദിനശുശ്രൂഷയിൽ ബ്രി. മന്ത്രിമാർ പങ്കെടുത്തില്ല

(റോയിട്ടർ) ലണ്ടൻ, മെയ് 25

കോമൺവെൽത്തു് ദിനം പ്രമാണിച്ചു് വെസ്റ്റ്മിനിസ്റ്റർ ആബേയിൽ ഇന്നലെ നടന്ന മതശുശ്രൂഷയിൽ ബ്രിട്ടീഷ് ക്യാബിനറ്റ് മന്ത്രിമാരാരും സംബന്ധിക്കയുണ്ടായില്ല. അവരുടെ അസാന്നിദ്ധ്യം ഒരു കളങ്കമായിട്ടുപോലെന്നു് മുൻ യാഥാസ്ഥിതിക കോമൺവെൽത്തു് സെക്രട്ടറി ഡങ്കൻസാൻഡ്സ് പിന്നീടു് പറഞ്ഞു.

കോമൺവെൽത്തിനോടു് തങ്ങൾക്കുള്ള ഭക്ത്യാദരവുകളെപ്പറ്റി പൊതുവായിട്ടാക്കുന്ന ഈ ഗവണ്മെന്റിലെ ഒരേറ്റ ക്യബിനറ്റ് മന്ത്രിപോലും ഈ ചട ങ്ങിൽ സംബന്ധിക്കാതിരുന്നതു് കടുത്ത അനൌചിത്യമായിപ്പോയെന്നു് അദ്ദേഹം ഒരു പ്രസ്താവനയിൽ പറഞ്ഞു. ഗവണ്മെന്റിൻറെ നിലപാടിനു് ഉടനടി കോമൺവെൽത്തു് റിലേഷൻസ് ഓഫീസിലെ സ്റ്റേറ്റ് മന്ത്രി ഗ്ലൈഡ്വിൻ ഹ്യൂഷസ് ചടങ്ങിൽ സംബന്ധിച്ചുവെന്നു് പ്ര. മന്ത്രിയുടെ വസതിയിലെ ഒരു വക്താവ് പറഞ്ഞു.

വാദ്യമേളങ്ങളുടെ അകമ്പടിയോടുകൂടി 21 കോമൺവെൽത്തു് രാഷ്ട്രങ്ങളുടെ പതാകകളും അതാതു രാഷ്ട്രങ്ങളുടെ കാരോ പൌരന്മാർ വഹിച്ചുകൊണ്ടു മുന്നോട്ടുനീങ്ങി. ഘോഷയാത്ര സങ്കീർത്തിയിലെത്തിയപ്പോൾ വെസ്റ്റ് മിനിസ്റ്റർ ഡീൻ വെരി. റവ. ഇ. എസ്. ആബട്ട് പതാകകളെ സ്വീകരിച്ചു.

ശുശ്രൂഷയിൽ കോമൺവെൽത്തു രാഷ്ട്രങ്ങളുടെ ഹൈക്കമ്മീഷണർമാർ സംബന്ധിച്ചിരുന്നു.

.....

കോഴിക്കോട്ട് പേമാരിയും കാറ്റും

(പി ടി ഐ) കോഴിക്കോട്, കടുത്ത മഴയും കാറ്റും ഇന്നു പുലച്ചു 1_30 മുതൽ രണ്ടുമണിക്കൂർനേരത്തേയ്ക്കു കോഴിക്കോട് നഗരത്തെ പിടിച്ചുകുലുക്കി. മരങ്ങളും പിഴുതുപോവുകയും വാർത്താവിതരണബന്ധങ്ങൾക്ക് തകരാറു സംഭവിക്കുകയും ചെയ്തു.

കോഴിക്കോട് ഉദ്യോഗസ്ഥന്മാർ മൻകരുതൽ നടപടികളും സ്വീകരിക്കപ്പെട്ടിട്ടുണ്ടു്.

....

എലക്ട്രിസിറ്റിബോർഡ് ജീവനക്കാർ പണിമുടക്ക് നോട്ടീസ് നൽകുന്നു

[പി ടി ഐ] എറണാകുളം, മേ 25

തൽസംബന്ധിച്ചു് പരിഹാരം കാണുന്നതിനായി ചെയ്ത എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടതിനെ തുടർന്നു് എലക്ട്രിസിറ്റി ബോർഡിനു് പണിമുടക്ക് നോട്ടീസ് നൽകുവാൻ കേരളസ്റ്റേറ്റ് എലക്ട്രിസിറ്റിബോർഡ് എംപ്ലോയീസ് യൂണിയൻ തീരുമാനിച്ചിരിക്കുന്നതായി യൂണിയൻ പ്രാപ്പെടുവിച്ച ഒരു പത്രക്കുറിപ്പിൽ പറയുന്നു.

ഇന്നലെ ഇവിടെ ചേർന്ന യൂണിയൻറെ കേന്ദ്രസമിതിയാണു് ഇപ്രകാരം തീരുമാനമെടുത്തതു്. യോഗത്തിൽ വൈസ് പ്രസിഡണ്ടു് മി. പി. ജെ. മാത്യു അദ്ധ്യക്ഷത വഹിച്ചു.

—

അപേക്ഷകൾ ക്ഷണിക്കുന്നു

Electrical K. G T. E. ഓവർസീയർ Engg: കോഴ്സ് Telegraphy Hindi & English Telephone operators Course Wireless operators Course C. O. P. (Ministry of Communication Govt. of India Exam.) Radio Engg. (City & Guilds intermediate)

S. S. L. C. പരീക്ഷക്കിരുന്നവർക്കും ഗവർമ്മെണ്ടു് പരീക്ഷകൾക്കു് ചേരാവുന്നതാണു്.

Railway, Transport ഇവയിൽ സൌജന്യനിരക്കിൽ യാത്രാസൌകര്യം ഉണ്ടായിരിക്കും.

Coffee Board, Tea Board, Railway Board, *മൈസൂർ ബോർഡ് എന്നിവയിലെ ജീവനക്കാരുടെ കുട്ടികൾക്കും ആനുകൂല്യം ലഭിക്കുന്നതാണു്.*

പട്ടികജാതി, പട്ടികവർഗ്ഗം, കുടുംബി വിഭാഗം കുട്ടികൾക്കു് സ്ഥാപനത്തിൽനിന്നും ഫീസ് കൺസഷൻ നൽകുന്നതാണു്.

കൂടുതൽ വിവരങ്ങൾക്കു് 75 പൈസാ M. O. അയക്കുക.

Phonetic Commercial Institute
ESTD : 1933
Recognised by Government
HIGH ROAD : TRICHUR
PHONE 1143

സഞ്ജീവറെഡ്ഡി വിദേശ പര്യടനത്തിനു പുറപ്പെട്ടു

[പി ടി ഐ] ന്യൂഡൽഹി, മേ 25

സോവ്യറ്റ് യൂണിയനിലും മറ്റു അഞ്ചുയൂറോപ്യൻ രാഷ്ട്രങ്ങളിലും 35_ദിവസത്തെ പര്യടനത്തിനായി കേന്ദ്ര ഉരുക്കു_ഖനനമന്ത്രി മി. എൻ. സഞ്ജീവറെഡ്ഡി ഇന്നിവിടെനിന്നും പുറപ്പെട്ടുവിച്ചിരിക്കുന്നു.

പുതിയ സ്റ്റീൽപ്ലാൻറുകളും സ്ഥാപിക്കുക; ഇന്ത്യയിലെ കൽക്കരിഖനനവികസനത്തിനു് സഹായം എന്നിവ സംബന്ധിച്ച ചർച്ചകളാണു് ഈ പര്യടനത്തിൻറെ ലക്ഷ്യം.

ജൂൺ 4_ാംതിയതിവരെ മി. റെഡ്ഡി മോസ്കോവിലുണ്ടായിരിക്കും. പിന്നീടദ്ദേഹം ലണ്ടനിലേക്കു പോകുന്നതും ജൂൺ 15 വരെ അവിടെ താമസിക്കുന്നതുമായിരിക്കും. പാരീസ്, ബ്രസ്സൽസ്, ജനീവ, കൊളോഗ്നി [പ. ജർമ്മനി] എന്നിവിടങ്ങളും അദ്ദേഹം സന്ദർശിക്കും.

ജൂൺ 29_ാംതിയതി അദ്ദേഹം ന്യൂഡൽഹിയിൽ തിരിച്ചെത്തും.

ഉരുക്കുമന്ത്രി കാര്യാലയത്തിലെ ജോയിൻറ് സിക്രട്ടറി മി. മാത്യുപ്പയും മി. റെഡ്ഡിയെ അനുഗമിക്കുന്നുണ്ടു്.

....

വഞ്ചി തിരുനക്കരെത്തന്നെ

[പി ടി ഐ] ന്യൂഡൽഹി, മേ 25

എന്തൊക്കെയുമൊരു പുരോഗതിയിലൂടെ വാൻ കാഫ് കച്ചിൽ വെടിനിറുത്തുന്നതുസംബന്ധിച്ച ബ്രിട്ടീഷ് നിർദ്ദേശങ്ങളിന്മേലുള്ള നയതന്ത്രതലത്തിലുള്ള കൂടിയാലോചനകൾ തുടർന്നുകൊണ്ടിരിക്കുന്നു.

വിദേശകാര്യസെക്രട്ടറി സി. എസ്. ഝായുമായി ബ്രിട്ടീഷ് ഹൈക്കമ്മീഷണർ ജോൺഹ്യൂമൻ സംഭാഷണം നടത്തുകയുണ്ടായി. ബ്രിട്ടനിൽനിന്നും പുതിയൊരു വിവരവുമില്ലെന്നു് ഒരു കാര്യജ്ഞനുള്ള വൃത്തം പറഞ്ഞു.

....

സൂക്ഷിച്ചു സംസാരിക്കണം

(പി. ടി. ഐ.) ലക്നൌ മേ 25

സംസ്ഥാനത്തെ ക്രമസമാധാന നിലയെപ്പറ്റി ഉത്തർപ്രദേശ് മന്ത്രിസഭ ചർച്ചചെയ്യുകയുണ്ടായി. വർഗ്ഗീയാസ്വാസ്ഥ്യം കത്തിപ്പൊക്കുന്നതോ കിംവദന്തികൾ പ്രചരിപ്പിക്കുന്നതോ ആയ പ്രസംഗങ്ങൾചെയ്യുന്നവർക്കെതിരായി രാജ്യരക്ഷാനിയമമനുസരിച്ചുള്ള നടപടികളെടുക്കുന്നതിനു് ഡിസ്ട്രിക്ട് മജിസ്ട്രേട്മാർക്കു് നിർദ്ദേശം നല്കുന്നതിനും യോഗം തീരുമാനിച്ചു.

....

ബോട്ടുമറിഞ്ഞു് 22-പേർ മുങ്ങിമരിച്ചു

(പി. ടി. ഐ.) അഹമ്മദാബാദ് മേ. 25

ഛത്രോളയിൽ ഒരു ബോട്ടുമറിഞ്ഞതിനെതുടർന്നു് 22_പേർ മുങ്ങിമരിച്ചതായി ഇവിടെ റിപ്പോർട്ടു ലഭിച്ചിരിക്കുന്നു. മരിച്ചവരിൽ 7_കുട്ടികളും 12 സ്ത്രീകളും ഉൾപ്പെടുന്നു. മൃതദേഹങ്ങളെല്ലാം കണ്ടെടുത്തു. ബോട്ടിലുണ്ടായിരുന്നവരിൽ 12 പേർ രക്ഷപ്പെട്ടു.

ഈ സംഭവത്തിൽ മറ്റൊരു ബോട്ടപകടവുമുണ്ടായി. യാത്രക്കാരെല്ലാം രക്ഷപ്പെട്ടു.

ഈ ബോട്ടപകടം കാമ്പലത്തിലേക്കു് യാത്രക്കാരെ കടത്തിക്കൊണ്ടു പോവുകയായിരുന്നു.

....

ബ്രിട്ടണിൽ മെഡിക്സന്ത്രായം നടപ്പിലാക്കുന്നു

[യു. എഛ്. പി.] ലണ്ടൻ മേ. 25

തുക്കവും അളവും മെഡിക് സന്ത്രായം നിലാക്കുന്നതിനും ബ്രിട്ടീഷ് ഗവണ്മെണ്ടു് തീരുമാനിച്ചിരിക്കുന്നു.

10 കൊല്ലംകൊണ്ടു് പടിപടിയായിട്ടാണു് ഈ പരിപാടി നടപ്പിൽ വരിക.

ജോൺ ഹോർനെ (ലബർ) വടെ ഒരു ചോദ്യത്തിനുള്ള മറുപടിയായി ട്രേഡ് ബോർഡ് പ്രസിഡണ്ടു് മി. ഡഗ്ലസ് ജെയാണു് കോമൺസഭയിൽ ഈ വിവരം അറിയിച്ചതു്.

....

ജനറൽ ചെയ്യരി

[പി ടി ഐ) ബോംബെ, മേ. 24

കരസേനാമേധാവി ജനറൽ ജെ. എൻ. ചൌധരി ഇന്നലെ ഡൽഹിയിലേക്ക് പോയിരിക്കുന്നു. സിറിയിലെ താമസത്തിനിടക്ക് അദ്ദേഹം ബോംബെ ഗാരിസൻ ഓഫീസർമാരെ അഭിസംബോധനചെയ്യുകയുണ്ടായി.

....

ഒപ്പുശേഖരപ്രസ്ഥാനം

പി. ടി. ഐ. ശ്രീനഗർ, മേ. 25

ഷേക് അബ്ദുള്ളയുടെയും അഡ്സെൽബെഗ്ഗിൻറെയും തടകലിനെതിരായി ഒരു ഒപ്പുശേഖരപ്രസ്ഥാനം ആരംഭിക്കുവാൻ ഇന്നലെ ഇവിടെച്ചേർന്ന തിരുമുടി ആക്ഷൻകമ്മറ്റി തീരുമാനിച്ചിരിക്കുന്നു. തടകലിനെതിരായി ജനങ്ങളിൽനിന്നും ഒപ്പുശേഖരിക്കുവാൻ എല്ലായൂണിറ്റുകൾക്കും നിർദ്ദേശംനല്കിയതായി ആക്ഷൻകമ്മറ്റി സിക്രട്ടറിയുടെ ഒരു പത്രക്കുറിപ്പിൽ പറയുന്നു.

—

അതിർത്തിത്തർക്കത്തിൽ സെക്രട്ടറിജനറൽ ഇടപെടണം

ഐക്യരാഷ്ട്രപ്രമാണങ്ങളിൽ അതിനു് അവശ്യമായ ഭേദഗതി വരുത്തണമെന്നു് ജയപ്രകാശ്

(പി. ടി. ഐ.) കൽക്കട്ട, മേ. 25

ലോകത്തിൻറെ ഏതുഭാഗത്തുണ്ടാകുന്ന അതിർത്തിത്തർക്കങ്ങളിലും ഇടപെടുന്നതിനു് ഐക്യരാഷ്ട്ര സെക്രട്ടറിജനറൽക്ക് അധികാരം ലഭിക്കത്തക്കവിധം ഐക്യരാഷ്ട്ര പ്രമാണങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തണമെന്നു് സർവ്വോദയ നേതാവായ ജയപ്രകാശ് നാരായണൻ നിർദ്ദേശിച്ചിരിക്കുന്നു.

സമുദായ സൌഹൃദ വികസനസമിതിയുടെ ഒരു കൺവൻഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അന്യോന്യമുള്ളസംഭാഷണങ്ങളിലൂടെയോ ചർച്ചകളിലൂടെയോ തർക്കങ്ങൾക്കു പരിഹാരംകാണാനുതിന്നായി സെക്രട്ടറിജനറൽ ആദ്യമായി ശ്രമിക്കണം. ഒരു ഒത്തുതീർപ്പുണ്ടാകുന്നില്ലെങ്കിൽ പ്രസ്തുത കേസ് സിക്രട്ടറിജനറൽ അഡ്ജൂഡിക്കേഷനു വിടുകയോ ആർബിട്രേറ്റർമാരെ നിയമിക്കുകയോ വേണം. ഇടർന്നുണ്ടാകുന്ന വിധിന്യായത്തിനു് തർക്കത്തിൽപ്പെട്ട കക്ഷികളും വഴങ്ങുകയും വേണമെന്നു് ജയപ്രകാശ് പറഞ്ഞു.

രാജ്യം ഭീതിയിലും ഒരു യുദ്ധത്തിൻറെ നിഴലിലുമാണു് ഇന്നു് കഴിഞ്ഞുപോരുന്നതു്. പാകിസ്ഥാൻ മുൻനില പുനഃസ്ഥാപിക്കുന്നതിനോ, മറ്റൊരു വെടിനിറുത്തൽ നിർദ്ദേശങ്ങൾക്കൊക്കെ സമ്മതിക്കുന്നില്ലെങ്കിൽ പിന്നെ എന്തു സംഭവിക്കുമെന്നു് എനിക്കു് അഭിപ്രായമില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. ഒരു ആരോഗ്യകരമായ രാഷ്ട്രമെന്ന നിലയിൽ വികസിക്കുന്നതിനായി ഇന്ത്യ അവളുടെ അയൽപക്കരാഷ്ട്രങ്ങളുമായുണ്ടാകുന്ന തർക്കങ്ങളും പരിഹരിക്കുന്നതിനും പല മാർഗ്ഗങ്ങളും കണ്ടെത്തേണ്ടതുണ്ടെന്നും ജയപ്രകാശ് പറഞ്ഞു. പാകിസ്ഥാൻ ഒരിക്കലും ഇന്ത്യയോടു് സൌഹൃദം പുലർത്താൻ പോകുന്നില്ല. പാകിസ്ഥാൻറെ അടിസ്ഥാനം വിദ്വേഷത്തിൽനിന്നാണു്

ഭാഷയുടെയും സംസ്കാരത്തിൻറെയും അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിച്ചതു് ഇന്ത്യയുടെ ഐക്യത്തിനു് ഭീഷണിയാണെന്നു് ചിലർ പറയുന്നതു് ശരിയല്ലെന്നും ജയപ്രകാശ് പറഞ്ഞു. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിച്ചതുകൊണ്ടു് ഇന്ത്യയുടെ ഐക്യത്തിനു് ഒരു ഭീഷണിയും ഉണ്ടായിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

....

നന്ദ ജുക്കിക്കേശിൽ വിശ്രമിക്കുന്നു

[പി. ടി. ഐ.) ന്യൂഡൽഹി മേ. 25

ജുക്കിക്കേശിലെയുള്ളവർച്ചി, അഭ്യന്തരകാര്യമന്ത്രി മി. നന്ദ ഡൽഹിയിലേക്കു തിരിച്ചുപോയിരിക്കുന്നു.

ഒരാഴ്ചക്കാലം അദ്ദേഹം അവിടെ വിശ്രമിച്ചിരുന്നു. മേയ് 31_ാംതീയതി അദ്ദേഹം തലസ്ഥാനനഗരിയിൽ തിരിച്ചെത്തും.

മാണാലിയിലേക്കു് പോകുന്നതിനായിരുന്ന മി. നന്ദ നേരത്തേ തീരുമാനിച്ചിരുന്നതാണു്. മോശമായ കാലാവസ്ഥയുടെ വെളിച്ചത്തിൽ പ്രസ്തുത പരിപാടി ഇപ്പോൾ മാറ്റുകയാണുണ്ടായതു്.

....

മരുന്നു പാഴായിട്ടില്ലെന്നു്

ബോംബെ, മെയ് 25

അലിഗർ മുസ്ലീം സർവ്വകലാശാലാകാര്യങ്ങളോടനുബന്ധിച്ചു് രാഷ്ട്രപതി പുറപ്പെടുവിച്ച വിജ്ഞാപനത്തെപ്പറ്റി ഡോ: സെയ്ദ് മഹമ്മദു് എം. പി പുറപ്പെടുവിച്ച പ്രസ്താവനയിൽ കേന്ദ്ര വിദ്യാഭ്യാസമന്ത്രി മി. എം മരുന്നു അണ്ണാദുരൈ പുകടിപ്പിച്ചിരിക്കുന്നു. മി. മഹമ്മദു് ആരോപിച്ചതായി റിപ്പോർട്ടു ചെയ്യുന്നതുപോലെ അലിഗർ സർവ്വകലാശാല പാക്കിസ്ഥാൻ അനുകൂല പ്രവർത്തനങ്ങളുടെ ഒരു കേന്ദ്രമാണെന്നു് താൻ ഒരിക്കലും പറഞ്ഞിട്ടില്ലെന്നു് മരുന്നു അണ്ണാദുരൈ വ്യക്തമായി പറഞ്ഞു. പി ടി ഐ

ഔദ്യോഗിക ഭാഷാ നിയമത്തിൽ ഭേദഗതി

ബില്ലിൻറെ നക്കൽ തയ്യാറായി പ്രശ്നം കോൺഗ്രസ് പ്രവർത്തകസമിതിയിൽ സമർപ്പിക്കുന്നു

(പി. ടി. ഐ.) ന്യൂഡൽഹി, മേയ് 25

ഭാഷാപ്രശ്നം സംബന്ധിച്ച നയത്തിനു് അവസാനരൂപം നൽകുന്നതിനുമുമ്പായി, പ്രശ്നം കോൺഗ്രസ് പ്രവർത്തകസമിതിയിലും മുഖ്യമന്ത്രിമാർക്കും സമർപ്പിക്കുന്നതിനു് കേന്ദ്രമന്ത്രിസഭ തീരുമാനിച്ചിരിക്കുന്നു.

ഇന്നലെ ചേർന്ന മന്ത്രിസഭായോഗത്തിൽ ഈ പ്രശ്നം സംബന്ധിച്ചു കാബിനറ്റ് സബ്കമ്മറ്റിയുടെ ശുപാർശകൾ ചർച്ചചെയ്തു. ജൂൺ 1_ാംതിയതി ചേരുന്ന കോൺഗ്രസ് പ്രവർത്തകസമിതിയിൽ ഈ പ്രശ്നം സമർപ്പിക്കും. ഈ യോഗത്തിലേക്കു് മുഖ്യമന്ത്രിമാരേയും ക്ഷണിക്കുന്നുണ്ടു്. ഈ സമയത്തു്, മുഖ്യമന്ത്രിമാരുമായി വീണ്ടും ചർച്ചകൾ നടക്കുവാൻ സാധ്യതയുണ്ടു്.

കാബിനറ്റ് സബ്കമ്മറ്റിയുടെ അഭിപ്രായത്തിൻറെ അടിസ്ഥാനത്തിൽ ഔദ്യോഗികഭാഷാനിയമത്തിൽ ഭേദഗതിവരുത്തുന്നതിനായുള്ള ഒരു ബില്ലിൻറെ നക്കലും തയ്യാറായിരിക്കുന്നു. ഈ നക്കലിനെപ്പറ്റിയും മന്ത്രിസഭായോഗം പരിഗണിച്ചതായാണറിയുന്നതു്.

ഹിന്ദി സംസാരിക്കാത്ത ജനങ്ങൾക്കുള്ള നെഹറുവിൻറെ ഉറപ്പിനു് നിയമപ്രാബല്യം നൽകുകയാണു് ബില്ലുകൊണ്ടുദ്ദേശിക്കുന്നതു്.

മദിരാശി_പശ്ചിമബങ്കാൾ ഗവണ്മെണ്ടുകളുടേയും കേന്ദ്രമന്ത്രി മി. എസ്. കെ. പട്ടീലിൻറെയും മൃദു ഭേദഗതിനിർദ്ദേശങ്ങളാണു് കാബിനറ്റ് സബ്കമ്മറ്റിയുമ്പാകെ വന്നതു്. ഇതിലേതെങ്കിലും ഒരു നിർദ്ദേശം അതേപടി സബ്കമ്മറ്റി സ്വീകരിക്കുകയല്ല ചെയ്തതെന്നായിരുന്നു. എന്നാൽ അവയിലെ തത്വങ്ങൾ കമ്മറ്റിക്കണക്കിലെടുക്കുകയും മി. പട്ടീലിൻറെ ഭേദഗതിയോടു് കൂടുതൽ അടുത്ത ഒരു അനുരഞ്ജനനിർദ്ദേശം സ്വീകരിക്കുകയുമാണു് ചെയ്തതു്.

പുലയുന്നതിനായി അഹിന്ദിപ്രദേശങ്ങൾക്കു് കൂടിയാലോചിച്ചും ഒരു ദീർഘകാലാടിസ്ഥാനത്തിലുള്ള നിയമപ്രാബല്യവും നൽകുകയാണു് ഈബില്ലുകൊണ്ടുദ്ദേശിക്കുന്നതു്.

....

പശ്ചിമബങ്കാൾ അതിർത്തി വീണ്ടും തുറന്നിടണമെന്നു്

പി ടി ഐ കൽക്കട്ട, മേ. 25

ഇന്ത്യയിലേക്കു് കടിയോടിപ്പിക്കാൻ ആഗ്രഹിക്കുന്ന പൂച്ചാക്കിസ്ഥാനി ലെഫ്റ്റിനന്റുകൊണ്ടു് അമൃസ്റ്റിമുകൊണ്ടും കടന്നുവരുന്നതിനായി പശ്ചിമബങ്കാളിൻറെ അതിർത്തി വീണ്ടും തുറന്നിടാൻ ഹിന്ദുമഹാസഭയുടെ സംസ്ഥാനകമ്മറ്റി ഗവണ്മെണ്ടിനോടു് ആഭ്യർത്ഥിച്ചിരിക്കുന്നു.

പശ്ചിമബങ്കാളിൻറെ അതിർത്തി അടച്ചിട്ടുന്നതിനെത്തുടർന്നുണ്ടായ തീരുമാനം ആത്മഹത്യാപരവും മനുഷ്യത്വഹീനവുമാണെന്നു് കമ്മറ്റി വിലയിരുത്തി.

—

ഇന്ത്യക്ക് കൈവേറ വായ്പ നൽകുന്നു

(റോയിട്ടർ) കൈറോ മേ. 25

വികസനപദ്ധതികൾക്കായുള്ള ഇന്ത്യയുടെ ഒരു ലോൺ അപേക്ഷ, തത്വത്തിൽ യോജിച്ചിരിക്കുന്നതായി കൈറോ അറിയിച്ചിരിക്കുന്നുവെന്നു് അൽ ഔദ്യോഗികവൃത്തം ഇന്നിവിടെ അറിയിച്ചു.

കൈറോറിലതൻറെതാമസത്തിനിടക്കാണു് ഇന്ത്യൻ അപേക്ഷ ഉപരാഷ്ട്രപതി ഡോ. സക്കീർ ഹുസൈൻ ഗവണ്മെണ്ടു് നേതാക്കളെ അറിയിച്ചതു്.

....

ബൊളീവിയായിലും കനത്തകലാപം

ഖനികരും പട്ടാളവും തമ്മിൽ ഏറ്റുമുട്ടുന്നു

(റോയിട്ടർ)

ലാപാസ്, ബൊളീവിയാ മെയ് 25

ഖനികരും ഗവണ്മെണ്ടു് തേസാല്ലുരിച്ചതിനെത്തുടർന്നുടലായിരിക്കുന്ന എതിർപ്പിനെ നേരിടാൻ പട്ടാളം രംഗത്തിറങ്ങിയിരിക്കുന്നു. ലാപാസ്സിൽനിന്നും 20 കിലോമീറ്റർ അകലെ പട്ടാളവും ഖനിക്കാരും തമ്മിൽ കടുത്ത സംഘട്ടനം നടന്നു.

മില്ലുനി ഖനിയിൽ പട്ടാളം കനത്ത വെടിവെപ്പുനടത്തിയതായി റിപ്പോർട്ടു് ലഭിച്ചിട്ടുണ്ടു്. ഖനിക്കുചുറ്റും കനത്ത കാവലുണ്ടെന്നും സൈന്യം അതു കൈവശപ്പെടുത്തുന്നതിനുമുമ്പു് യുദ്ധം നടന്നുവെന്നും ഖനിക്കർ പിടിച്ചുവച്ചിരുന്ന 5 സൈനിക്രോദ്യോഗസ്ഥന്മാരെ മോചിപ്പിച്ചുവെന്നും ഔദ്യോഗിക വൃത്തങ്ങൾ പറഞ്ഞു.

ജീവനാശത്തിൻറെ കണക്ക് ലഭിച്ചിട്ടില്ല.

ഏഴുദിവസത്തെ ലഹളയും പ്രകടനങ്ങളും ഒരു പൊതു പണിമുടക്കും കഴിഞ്ഞതിനുശേഷമാണു് ഇപ്പോൾ പട്ടാളം രംഗത്തിറങ്ങിയിരിക്കുന്നതു്. ഖനിക്കാരുടെ യൂണിയൻ നേതാവും മുൻ ബൊളീവിയൻ വൈസ് പ്രസിഡണ്ടുമായ ജ്വാൻ ലെക്കിൻ കെന്തോയെ നാടുകടത്തിയിരിക്കയാണു്.

....

നന്ദ ജുക്കിക്കേശിൽ വിശ്രമിക്കുന്നു

[പി. ടി. ഐ.) ന്യൂഡൽഹി മേ. 25

ജുക്കിക്കേശിലെയുള്ളവർച്ചി, അഭ്യന്തരകാര്യമന്ത്രി മി. നന്ദ ഡൽഹിയിലേക്കു തിരിച്ചുപോയിരിക്കുന്നു.

ഒരാഴ്ചക്കാലം അദ്ദേഹം അവിടെ വിശ്രമിച്ചിരുന്നു. മേയ് 31_ാംതീയതി അദ്ദേഹം തലസ്ഥാനനഗരിയിൽ തിരിച്ചെത്തും.

മാണാലിയിലേക്കു് പോകുന്നതിനായിരുന്ന മി. നന്ദ നേരത്തേ തീരുമാനിച്ചിരുന്നതാണു്. മോശമായ കാലാവസ്ഥയുടെ വെളിച്ചത്തിൽ പ്രസ്തുത പരിപാടി ഇപ്പോൾ മാറ്റുകയാണുണ്ടായതു്.

....

മരുന്നു പാഴായിട്ടില്ലെന്നു്

ബോംബെ, മെയ് 25

അലിഗർ മുസ്ലീം സർവ്വകലാശാലാകാര്യങ്ങളോടനുബന്ധിച്ചു് രാഷ്ട്രപതി പുറപ്പെടുവിച്ച വിജ്ഞാപനത്തെപ്പറ്റി ഡോ: സെയ്ദ് മഹമ്മദു് എം. പി പുറപ്പെടുവിച്ച പ്രസ്താവനയിൽ കേന്ദ്ര വിദ്യാഭ്യാസമന്ത്രി മി. എം മരുന്നു അണ്ണാദുരൈ പുകടിപ്പിച്ചിരിക്കുന്നു. മി. മഹമ്മദു് ആരോപിച്ചതായി റിപ്പോർട്ടു ചെയ്യുന്നതുപോലെ അലിഗർ സർവ്വകലാശാല പാക്കിസ്ഥാൻ അനുകൂല പ്രവർത്തനങ്ങളുടെ ഒരു കേന്ദ്രമാണെന്നു് താൻ ഒരിക്കലും പറഞ്ഞിട്ടില്ലെന്നു് മരുന്നു അണ്ണാദുരൈ വ്യക്തമായി പറഞ്ഞു. പി ടി ഐ



തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125

1965 മേയ് 26_ാംന- ബുധൻ

പാർപ്പിടപ്രശ്നം

....o ...

ആഹാരവും വസ്ത്രവുംപോലെ തന്നെ മനുഷ്യനു് അത്യന്താപേക്ഷിതമായ ഒരു വസ്തുതയാണു് താമസിക്കാൻ ഒരു സ്ഥലം വേണമെന്നുള്ളതു്. അതിപുരാതനകാലത്തു്, 'പച്ചമാംസവും കഴിച്ചു്, ഊറവെള്ളവും കുടിച്ചു്" മനുഷ്യൻ ജീവിച്ചിരുന്നപ്പോൾ, എവിടെ താമസിക്കുമെന്നതു് ഒരു പ്രശ്നമായിരുന്നില്ല. അക്കാലത്തു് സ്ഥിരമായി ഒരു സ്ഥലത്തു തന്നെ താമസിക്കുന്നതു് പല കാരണങ്ങളാലും അസാദ്ധ്യമായിരുന്നു. പ്രകൃതിയുടെ വിചിത്രതകളിൽനിന്നും രക്ഷപ്രാപിക്കുന്നതിനും, ക്ഷേണത്തിനുവേണ്ടുന്ന ജീവികളെ വേട്ടയാടുന്നതിനും, ശത്രുക്കളുടെ പിടിയിൽപ്പെടാതിരിക്കുന്നതിനുംവേണ്ടി മനുഷ്യൻ സദാ സഞ്ചരിച്ചുകൊണ്ടിരുന്നു.

കൃഷി ചെയ്യാൻ മനുഷ്യൻ പഠിച്ചതുമുതലാണു് സ്ഥിരമായി താമസിക്കണമെന്ന ചിന്ത മനുഷ്യനിൽ കടന്നു കൂടിയതു്. സ്ഥിരതാമസത്തെത്തുടർന്നു് സുഖജീവിതത്തിന്റെ ആവശ്യം മനുഷ്യനെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. അതുമൂലം മനുഷ്യൻ മനുഷ്യനെപ്പോലെ താമസിക്കാൻ കഴിയുമെന്നുള്ളതിനു പുറമേ, അനേകായിരങ്ങൾക്കു തൊഴിലും. ലഭിക്കുന്നതാണു്. മാനവസംസ്കാരത്തിന്റെ അടിസ്ഥാനക്കല്ലായ കുടുംബജീവിതം, അതിന്റേതായ നിലവാരത്തിൽ പുലരണമെങ്കിൽ ഓരോ കുടുംബത്തിനും ഓരോ വീടു് എന്ന നിലയിൽ വീടുകൾ ലഭിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഭാരതത്തിലെ ഏറ്റവും ജനസംസ്കൃതയെറിയ കേരളത്തിനു്, രണ്ടു മൂന്നു നിലകളുള്ള 'ഫ്ളാറ്റുകൾ' നിർമ്മിക്കുന്നതു സൗകര്യപ്രദമായിരിക്കും.

പ്ലാനിംഗ് കമ്മീഷനേറയും, ഗവണ്മേണ്ടിനേയും മറ്റും ശ്രദ്ധ ഈ അടിയന്തിരപ്രശ്നത്തിലേയ്ക്കു ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു.

....o....

അമേ. പീസ് കോർ വളണ്ടിയർമാർ എത്തി

കോഴി വളർത്തൽ പഠിപ്പിക്കാൻ കേരളത്തിലേയ്ക്ക് ഒരു സംഘം വരും

ന്യൂഡൽഹി മെയ് 25

സ്വീ പുരുഷന്മാരടക്കം 150 പേരുൾപ്പെടുന്ന അമേരിക്കൻ പീസ്കോർ വളണ്ടിയർമാരുടെ നാലുസംഘങ്ങൾ ഇന്നു് ഡെൽഹിയിലെത്തിയിരിക്കുന്നു. നാളെ രാഷ്ട്രപതി ഡോ: എസ്. രാധാകൃഷ്ണൻ അവരെ സ്വീകരിക്കും. വളണ്ടിയർമാർ രണ്ടുകൊല്ലക്കാലം വിവിധ സ്ഥാനങ്ങളിൽ സേവനമനുഷ്ഠിക്കുന്നതാണു്.

ഏകദേശം 30 വളണ്ടിയർമാർ ഉത്തരപ്രദേശിൽ ചെറുകിട വ്യവസായ വികസന പദ്ധതികളിൽ പ്രവർത്തിക്കും. ആന്ധ്രപ്രദേശിലെ ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസപദ്ധതികളിലും ഏർപ്പെടും. ഇരുവർ സേവനമനുഷ്ഠിക്കും. പുതുതായി ഇന്ത്യയിലെത്തുന്ന വളണ്ടിയർമാരിൽ 60 പേർ ഹൈസ്കൂൾ അദ്ധ്യാപകരാണു്. ഇവരിൽ 30 പേർ മഹാരാഷ്ട്രത്തിലേയ്ക്കു പോകും. ബാക്കിയുള്ളവർ കോഴി വളർത്തൽ വിദഗ്ദ്ധന്മാരാണു്. അവർ കേരളം, മൈസൂർ, പഞ്ചാബു് എന്നീ സംസ്ഥാനങ്ങളിൽ സേവനമനുഷ്ഠിക്കും.

അമേരിക്കൻ പീസ്കോർ വളണ്ടിയർമാർ 1961മുതൽ ഇന്ത്യയിൽ സേവനമനുഷ്ഠിച്ചുവരുന്നു. പുതിയ സംഘങ്ങൾ ഇന്ത്യയിലെത്തുന്നതോടെ 12 സംസ്ഥാനങ്ങളും രണ്ടു കേന്ദ്രഭരണ പ്രദേശങ്ങളും വളണ്ടിയർമാരുടെ പ്രവർത്തന പരിധിയിൽ വരുന്നതാണു്.

....

വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വിദേശികൾ

വിവരം നല്കണമെന്നു് വ്യവസായ വകുപ്പിന്റെ വിജ്ഞാപനം

ന്യൂഡൽഹി മെയ് 25

പ്രതിമാസം 1000 ക. യും അതിലധികം ശമ്പളം പറ്റുന്ന വിദേശികളായ ഉദ്യോഗസ്ഥന്മാരെ കുറിച്ചു് വിവരങ്ങൾ നൽകുവാൻ എല്ലാ വ്യവസായ-വാണിജ്യസ്ഥാപനങ്ങളോടും ആവശ്യപ്പെട്ടുകൊണ്ടു് കേന്ദ്ര വ്യവസായവകുപ്പു് ഒരു പൊതുവിജ്ഞാനം പുറപ്പെടുവിച്ചിരിക്കുന്നു. 1965 ജനുവരി ഒന്നാം തിയ്യതി നിലവിലുണ്ടായിരുന്നവിവരങ്ങൾ, നിർദ്ദിഷ്ട ഫോറത്തിൽ സമർപ്പിക്കുവാനാണു് കമ്പനികളോടു് നിർദ്ദേശിച്ചിട്ടുള്ളതു്.

വ്യവസായ-വാണിജ്യസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഇന്ത്യക്കാരേയും വിദേശികളേയും കുറിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങളും സമാഹരിക്കുന്നതിനാണു് ഈ നടപടി കൈക്കൊണ്ടിട്ടുള്ളതു്.

വിദേശങ്ങളിൽ രജിസ്റ്റർ ചെയ്ത അഥവാ വിദേശക്കമ്പനികളുടെ സബ്സിഡിയറികളായി പ്രവർത്തിക്കുന്ന അല്ലെങ്കിൽ വിദേശകമ്പനികളുടെ നിയന്ത്രണത്തിലുള്ള കമ്പനികളൊഴിച്ചുള്ളവ, വിദേശികളായ ജോലിക്കാരിലുണ്ടെങ്കിൽ ഈ വിവരങ്ങളും സമർപ്പിക്കേണ്ടതില്ല.

1965 ജൂൺ 25 ആണു് വിവരങ്ങൾ സമർപ്പിക്കേണ്ട അവസാന ദിവസം

—

20 ലക്ഷം ഏക്കർ സ്ഥലത്തു് മണ്ണൊലിപ്പു് തടയാനുണ്ടു്

കേരളത്തിൽ ഒരു വിപുലമായ പദ്ധതിയാരംഭിക്കുന്നു

തിരുവനന്തപുരം, മേ. 25

കേരളത്തിലെ 9 ജില്ലകളിലും മണ്ണൊലിപ്പുനിവാരണനടപടികൾ നടത്തുന്നതിനു് ഓരോ ജില്ലാ ഓഫീസറെ നിയമിക്കാൻ ഗവണ്മേണ്ടു് തീരുമാനിച്ചിരിക്കുന്നു.

ഇപ്പോൾ തിരുവനന്തപുരം, കോട്ടയം, കോഴിക്കോടു് എന്നിവിടങ്ങളിൽ ഓരോ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടു്. ഇവരുടെ അധീനതയിൽ ഓരോ ജില്ലാ കോഫ്സർമാരായി നിയമിക്കുന്നതായിരിക്കും.

സംസ്ഥാനത്തെ 20 ലക്ഷം ഏക്കർ സ്ഥലത്തു് മണ്ണൊലിപ്പുനിവാരണനടപടികൾ കൈക്കൊള്ളേണ്ടതായിട്ടുണ്ടു്. ഇതിൽ നടപ്പുവർഷത്തിൽ 1955-56ൽ പദ്ധതിനായിരം ഏക്കർ സ്ഥലത്തു് സംരക്ഷണനടപടികൾ പൂർത്തിയാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പു് ഉദ്ദേശിച്ചിരിക്കുന്നു.

ധാരക്ഷണനടപടികൾ ഉത്തരവാദിത്വപ്പെടുത്തുന്നതിനും എല്ലാ ജില്ലകളിലും ഉദ്യോഗസ്ഥന്മാർ ആവശ്യമാണെന്നു കണ്ടതിനാലാണു് ജില്ലാ കോഫീസറന്മാരെ നിയമിക്കുവാൻ ഗവ. തീരുമാനിച്ചിരിക്കുന്നതു്.

....

ടെലി കമ്മ്യൂണിക്കേഷൻ വ്യോമയാനത്തിൽ

19_4_ൽ ഡൽഹി ഇന്ത്യ സ്വതന്ത്രമായപ്പോൾ രാജ്യത്തിനു് ഏതാനും നിമിഷം ഇടവിട്ടു് ലോകത്തെവിടെയെങ്കിലും വിമാനങ്ങൾ പറന്നുയരുകയോ നിലത്തിറങ്ങുകയോ ചെയ്യുന്നു. മണിക്കൂറിൽ 150 മൈൽ വേഗത്തിൽ പോകുന്ന പഴയ ഡി. സി_3 വിമാനങ്ങൾ മുതൽ വെടിയുണ്ടയുടെ വേഗത്തിൽ ഭൂഖണ്ഡങ്ങൾ മറികടക്കുന്ന ആധുനിക ജറ്റുവിമാനങ്ങൾവരെ പലതരം വിമാനങ്ങൾ ഇതിലുൾപ്പെടുന്നു.

യുദ്ധാനന്തരകാലഘട്ടം ലോകത്തൊട്ടാകെ വ്യോമഗതാഗതത്തിന്റെ അഭൂതപൂർവമായ വളർച്ചയ്ക്കു് സാക്ഷ്യംവഹിച്ചു. രാജ്യങ്ങളെയും രാജ്യങ്ങളെയും ഭൂഖണ്ഡങ്ങളെയും ഭൂഖണ്ഡങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടു് വ്യോമഗതാഗത രംഗങ്ങളുടെ ശൃംഖലവിപുലീകരിക്കപ്പെട്ടു. വ്യോമഗതാഗതപ്രവർത്തനങ്ങൾക്കു് കൂടുതൽ സാദ്ധ്യതയും ഉത്തേജിതവും അനുഭവപ്പെട്ടതോടെ കൂടുതൽ വേഗത്തിലുള്ള വാർത്താവിനിമയവും ആവശ്യമായിത്തീർന്നു.

ജറ്റുവിമാനങ്ങൾക്കു ഏതാനും മണിക്കൂർകൊണ്ടു് ലോകത്തിന്റെ പകുതി ഭാഗം മുറിച്ചുപുറക്കാൻ കഴിയുന്ന ഈ കാലത്തു് വിമാനസർവ്വീസിന്റെ കാര്യക്ഷമതയ്ക്കും സുരക്ഷിതത്വത്തിനും ടെലികമ്മ്യൂണിക്കേഷൻ ഒരു സുപ്രധാന ഘടകമായിത്തീർന്നിട്ടുണ്ടു്. റേഡിയോ നാവിഗേഷൻ ഏർപ്പാടുകളുംപ്പെടെ ടെലികമ്മ്യൂണിക്കേഷൻ സൌകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനു് വിമാനക്കമ്പനികളും ഗവർമ്മെണ്ടുകളും ധാരാളം പണം ഇപ്പോൾ ചെലവഴിക്കുന്നതിൽ അതിശയപ്പെടാനില്ല.

അന്നും ഇന്നും

ടെലികമ്മ്യൂണിക്കേഷൻ സൗകര്യങ്ങളുടെ വികസനവും വ്യോമഗതാഗതത്തിന്റെ വളർച്ചയും അവശ്യം ബന്ധപ്പെട്ടിരിക്കേണ്ടതുണ്ടു്. ഇന്നത്തെ എയർ ഇന്ത്യയുടെ മൻഗാമിയായ ടാറാ എയർ ലൈൻസ് 1930_ൽ പ്രവർത്തനമാരംഭിച്ചപ്പോൾ അതിന്റെ വിമാനങ്ങൾക്കു് പ്രത്യേക നാവിഗേഷൻ ഉപകരണങ്ങളൊന്നുമില്ലായിരുന്നു. വിമാനത്തിന്റെ പോക്കുവരവുകളെക്കുറിച്ചുള്ള വിവരങ്ങൾ കമ്പിമാർഗ്ഗമോ ഫോൺ മുഖേനയോ ആണു് അറിയിച്ചിരുന്നതു്.

1865ലെ അന്താരാഷ്ട്രീയ ടെലഗ്രാഫ് കൺവെൻഷനിൽ ഉടലെടുത്ത അന്താരാഷ്ട്രീയ ടെലികമ്മ്യൂണിക്കേഷൻ യൂണിയൻ 1938ൽ പ്രവർത്തനം ആരംഭിച്ചതിൽനിന്നു് വിമാനത്തിലേക്കു് റേഡിയോ സന്ദേശങ്ങൾ അയക്കുന്നതിനു് ഒരു ഹ്രസ്വകാൽ (333 കിലോ സൈക്കിൾ) അനുവദിച്ചതു് ഇന്നത്തെ സുപ്രധാനമായ ഒരു നാഴികക്കല്ലായിരുന്നു. അക്കാലത്തു് മോഴ്സ് കോഡ് ഉപയോഗിച്ചാണു് സന്ദേശങ്ങൾ അയച്ചിരുന്നതു്. ഗതാഗതസൗകര്യങ്ങൾ വിപുലമായതോടെ വാർത്താവിനിമയ ഏർപ്പാടുകളും മെച്ചപ്പെട്ടു.

നേതാജി വീണ്ടും

മേട്ടുപാളയം, മേയ് 23

നേതാജി സുഭാഷ് ചന്ദ്രബോസ് ഇന്നും ജീവിച്ചിരിപ്പുണ്ടെന്നു് തന്റെ പശ്ചിമ ബംഗാൾ പര്യടനത്തിൽ തനിക്കു് ഉറപ്പായെന്നും, ഇന്ത്യക്കു് ഒരു സന്ദിഗ്ദ്ധഘട്ടം നേരിട്ടാൽ അദ്ദേഹം പ്രത്യക്ഷപ്പെടുമെന്നും ഫോർവേഡ് ബ്ലോക്കു് നേതാവും മദിരാശി നിയമസഭാംഗവുമായ ശ്രീ. മുക്കയ്യാ തേവർ പ്രസ്താവിച്ചിരിക്കുന്നു.

നേതാജിയെക്കുറിച്ചുള്ള വിവരങ്ങളറിയാനും, ഫോർവേഡ് ബ്ലോക്കു് കേന്ദ്രകമ്മറ്റി യോഗത്തിൽ സംബന്ധിക്കാനുമായി കൽക്കത്തക്കു് പോയിരുന്ന ശ്രീ. മുക്കയ്യതേവർ മിനിയാന്നു മദിരാശിയിൽ തിരിച്ചെത്തിയശേഷം 'നവമണി' ലേഖകനുമായി നടത്തിയ ഒരഭിമുഖസംഭാഷണത്തിലാണു് ഈ വിവരം വെളിപ്പെടുത്തിയതു്.

ശ്രീ. തേവർ തുടർന്നു:_ "ഇന്ത്യയുടെ അഭിമാനവും സ്വാതന്ത്ര്യവും പരിരക്ഷിക്കാൻ ഇന്നുള്ള കോൺഗ്രസ്സു് ഗവണ്മേണ്ടിനു കഴിയില്ല. അതിനു ഭരണപാടവവും പട്ടാള പരിശീലനവും, ബഹുജനപ്രീതിയും നേടിയിട്ടുള്ള നേതാജിയെപ്പോലുള്ള വ്യക്തിക്കേ കഴിയൂ.

ഇക്കഴിഞ്ഞ 8_9 തിയ്യതികളിൽ ബംഗാളിലെ സിൻഗരയിൽ നടന്ന ഫോർവേഡ് ബ്ലോക്കു് പാർട്ടിയുടെ കേന്ദ്രകമ്മറ്റി യോഗത്തിൽ നേതാജിയെക്കുറിച്ചു് ഒരു പ്രമേയംതന്നെ പാസ്സാക്കിയിട്ടുണ്ടു്. ഏറ്റവും ഉയർന്ന നിലവാരത്തിൽ നേതാജിയെക്കുറിച്ചു് ഒരു നേപഥ്യനാം നടത്താൻ.

നേതാജിയുടെ തിരോധാനം ഒരു കടുംകെട്ടായി ഇന്നും നിലകൊള്ളുന്നു. ഫോർവേഡ് ബ്ലോക്കു് നേതാവും മദിരാശി നിയമസഭാംഗവുമായ ശ്രീ. മുക്കയ്യാ തേവർ പ്രസ്താവിച്ചിരിക്കുന്നു.

നേതാജിയെക്കുറിച്ചുള്ള വിവരങ്ങളറിയാനും, ഫോർവേഡ് ബ്ലോക്കു് കേന്ദ്രകമ്മറ്റി യോഗത്തിൽ സംബന്ധിക്കാനുമായി കൽക്കത്തക്കു് പോയിരുന്ന ശ്രീ. മുക്കയ്യതേവർ മിനിയാന്നു മദിരാശിയിൽ തിരിച്ചെത്തിയശേഷം 'നവമണി' ലേഖകനുമായി നടത്തിയ ഒരഭിമുഖസംഭാഷണത്തിലാണു് ഈ വിവരം വെളിപ്പെടുത്തിയതു്.

ശ്രീ. തേവർ തുടർന്നു:_ "ഇന്ത്യയുടെ അഭിമാനവും സ്വാതന്ത്ര്യവും പരിരക്ഷിക്കാൻ ഇന്നുള്ള കോൺഗ്രസ്സു് ഗവണ്മേണ്ടിനു കഴിയില്ല. അതിനു ഭരണപാടവവും പട്ടാള പരിശീലനവും, ബഹുജനപ്രീതിയും നേടിയിട്ടുള്ള നേതാജിയെപ്പോലുള്ള വ്യക്തിക്കേ കഴിയൂ.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനും ജനങ്ങൾക്കും ആപത്തു നേരിടുന്ന ഒരു ഘട്ടത്തിൽ നേതാജി പ്രത്യക്ഷപ്പെടുകയും ഈ നാട്ടിനെരക്ഷിക്കുകയും ചെയ്യും.

നേതാജി മരിച്ച എന്നു പറയുന്നതു് വെറും കള്ളപ്രചാരികയാണു്. നേതാജിയെക്കുറിച്ചു് — അദ്ദേഹം ജീവിച്ചിരിപ്പുണ്ടെന്ന കാര്യത്തിൽ — ഞങ്ങളുടെ പാർട്ടിക്കു് പൂർണ്ണവിശ്വാസമുണ്ടു്. പൊതുജനങ്ങൾക്കു് ഇതൊരു പുതുമയായിരിക്കും. നേതാജി മരിച്ചുവെന്ന കെട്ടിച്ചമച്ച കഥ വെറും കള്ളമാണു്.

ഷാനവാസ്ഖാന്റെ നേതൃത്വത്തിൽ ഇന്ത്യാ ഗവണ്മേണ്ടു് നിയമിച്ച കമ്മീഷൻ നേതാജി മരിച്ചു എന്ന തീർപ്പുകല്പിച്ചതു് പച്ചക്കള്ളമാണു്. ഇതിനു പല ഉദാഹരണങ്ങളുമുണ്ടു്.

നെഹ്റു ജീവിച്ചിരിക്കുമ്പോൾതന്നെ നേതാജിയുടെ ജ്യേഷ്ഠൻ സുരേഷ് ബാബുവിന്റെ മകനും ലളിതയോടു് നേതാജി മരിച്ചിട്ടില്ലെന്നു പറഞ്ഞിട്ടുണ്ടു്. വീണ്ടും ഒരു കമ്മീഷനെ നിയമിച്ച അന്വേഷണം നടത്താമെന്നും പറഞ്ഞിരുന്നു.

1954_ൽ ഞങ്ങളുടെ നേതാവു് ശ്രീ. മുത്തുരാമലിംഗതേവർ നേതാജി മരിച്ചിട്ടില്ലെന്ന വസ്തുത നെഹ്റുവിനെ അറിയിച്ചിരുന്നു.

നേതാജിയുടെ ജ്യേഷ്ഠന്റെ മകനും അമീനാഹ്ബോസ് പ്രധാനമന്ത്രി ശാസ്ത്രിക്കു് വീണ്ടും ഒരന്വേഷണംനടത്താൻ അഭ്യർത്ഥിച്ചുകൊണ്ടു് ഒരു കത്തയച്ചിട്ടുണ്ടു്.

നേതാജിയുടെ പോക്കവരവുണ്ടെന്നു പറയപ്പെടുന്ന ക്വച്ച്ബീഹാർ ഭാഗങ്ങളിൽ താൻ പോയിരുന്നുവെന്നു് ശ്രീ. മുക്കയ്യതേവർ ഉടനു പറഞ്ഞു. തനിക്കു് ലഭിച്ച വിവരങ്ങളനുസരിച്ചു് നേതാജി ജീവിച്ചിരിപ്പുണ്ടെന്ന കാര്യത്തിൽ സംശയത്തിനവകാശം അവശേഷിക്കുന്നില്ലെന്നു് വ്യക്തമാക്കി. ഇന്ത്യ ഒരു സന്നിഗ്ദ്ധഘട്ടത്തെ അഭിമുഖീകരിച്ചാൽ നേതാജി പ്രത്യക്ഷപ്പെടുമെന്നാണു് നേപാളിലെ വിശ്വാസം.

ഇക്കഴിഞ്ഞ 8_9 തിയ്യതികളിൽ ബംഗാളിലെ സിൻഗരയിൽ നടന്ന ഫോർവേഡ് ബ്ലോക്കു് പാർട്ടിയുടെ കേന്ദ്രകമ്മറ്റി യോഗത്തിൽ നേതാജിയെക്കുറിച്ചു് ഒരു പ്രമേയംതന്നെ പാസ്സാക്കിയിട്ടുണ്ടു്. ഏറ്റവും ഉയർന്ന നിലവാരത്തിൽ നേതാജിയെക്കുറിച്ചു് ഒരു നേപഥ്യനാം നടത്താൻ.

നേതാജിയുടെ ജ്യേഷ്ഠൻ സുരേഷ് ബാബുവും അദ്ദേഹത്തിന്റെ മകനും ലളിതയും അടുത്ത മാസം തമിഴ്നാട്ടിൽ പര്യടനം നടത്തുന്നതാണു്. നേതാജി ജീവിച്ചിരിപ്പുണ്ടെന്ന വസ്തുത അവർ പൊതുജനങ്ങളെ അറിയിക്കും.

ശ്രീ. ബാബുവും മകളും ശ്രീ. മുത്തുരാമലിംഗതേവരുടെ സമാധിസ്ഥലം സന്ദർശിക്കുന്നുമാണു് എന്നും മുക്കയ്യതേവർ എം എൽ. എ. യോടു പറഞ്ഞു. [സ്വ. ലേ]

പുതിയ സംഭാഷണോപകരണങ്ങളും

സുരക്ഷിതത്വവും കാര്യക്ഷമതയും മുൻനിറുത്തി നിലവിലുള്ള ഉപകരണങ്ങളും നിരന്തരം പരിഷ്കരിച്ചും പുതിയ സഹായോപകരണങ്ങളും ഏർപ്പെടുത്തിയും വരുന്നു. വൈമാനികനെ വിമാനത്താവളങ്ങളും തമ്മിലുള്ള ദൂരം കൃത്യമായി തിട്ടപ്പെടുത്താൻ സഹായിക്കുന്ന ഉപകരണം എയർ ഇന്ത്യയുടെ ബോയിങ്ങ് വിമാനങ്ങളിൽ സജ്ജീകരിച്ചവരുന്നതു് ഇതിനുദാഹരണമത്രേ.

ടെലികമ്മ്യൂണിക്കേഷൻ സൗകര്യങ്ങളുടെ വളർച്ച പഠിക്കുക രസകരമാണു്. വ്യോമഗതാഗതത്തിലുണ്ടായിട്ടുള്ള വിപ്ലവകരമായ പരിവർത്തനങ്ങളും വിമാനയാത്രയുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിൽ ടെലികമ്മ്യൂണിക്കേഷൻ വഹിച്ച വമ്പിച്ച പങ്കും 1930 _ലും മറ്റും മുൻകൂട്ടിക്കാണുക അസാധ്യമായിരുന്നു. വലുതും വേഗതയേറിയതുമായ വിമാനങ്ങൾ ഉപയോഗിച്ചുതുടങ്ങിയതോടെ വിപുലവും സങ്കീർണ്ണവുമായ വാർത്താവിനിമയോപാധികളും. പലതരം റേഡിയോ നാവിഗേഷൻ സഹായോപകരണങ്ങളും നിലവിൽവന്നു. ലോകത്തിന്റെ ഒരറ്റത്തുനിന്നും മറെറ അറ്റത്തേയ്ക്കു് ഏതാനും മിനിട്ടുകൊണ്ടുള്ളിൽ സന്ദേശങ്ങൾ എത്തിക്കാൻ ഇപ്പോൾ കഴിയും.

ആഗോളശൃംഖല

സന്ദേശങ്ങൾ അതിവേഗം കൈമാറേണ്ടിവന്നപ്പോൾ വിമാനക്കമ്പനികൾ ആഗോള വാർത്താവിനിമയശൃംഖല ഏർപ്പെടുത്താൻ നിർബ്ബന്ധിതമായി. 1948ൽ എയർ ഇന്ത്യയ്ക്കു് ലണ്ടനിലേയ്ക്കു് ഒരു സിംഗിൾ റേഡിയോ ടെലിഗ്രപ്പ് സർക്യൂട്ടേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോഴാകട്ടെ, അതിന്റെ എല്ലാ താവളങ്ങളെയും പരസ്പരം ബന്ധിക്കുന്ന ബഹുതായ വാർത്താവിനിമയ സമ്പ്രദായം വളർന്നുനിൽക്കുന്നു. വാർത്താവിനിമയത്തിനുമാത്രം എയർ ഇന്ത്യ പ്രതിവർഷം 60 ലക്ഷം ക. ചെലവഴിക്കുന്നു.

ടെലികമ്മ്യൂണിക്കേഷന്റെ വികസനത്തിനർദ്ദേശീയ ടെലികമ്മ്യൂണിക്കേഷൻ യൂണിയൻ അതിപ്രധാന പങ്കു് വഹിച്ചിട്ടുണ്ടെന്നു് എടുത്തുപറയേണ്ടതില്ലല്ലോ. ഒരു ഐക്യരാഷ്ട്ര ഏജൻസിയായ ഐ. ടി. യു വിനാണു് റേഡിയോ പ്രീക്വൻസികളും നിശ്ചയിക്കുന്നതിന്റെയും സംരക്ഷിക്കുന്നതിന്റെയും പ്രധാനപ്രവർത്തനം. മറെറാരു ഐക്യരാഷ്ട്ര ഏജൻസിയായ അന്തർദ്ദേശീയ സിവിൽ വ്യോമയാന സംഘടന ഐ. ടി. യു. യുമായി സഹകരിച്ചു് വ്യോമഗതാഗതം മെച്ചപ്പെടുത്താൻ പ്രവർത്തിച്ചവരുന്നു.

....

പീച്ചി ഇറിഗേഷൻ ഉദ്യോഗസ്ഥന്മാരുടെ കഠോരമായ അനാസ്ഥ

മുല്ലശ്ശേരി ബ്ലോക്കു് മേഖലയിലെ കൃഷിനാശത്തിനു് വഴിവെച്ചു

ലവി_ജലനികുതി ഇനങ്ങളിൽനിന്നു് പ്രസ്തുത കൃഷിക്കാരെ ഒഴിവാക്കണം_ റേഷൻ കുമ്മായം കൃഷി നശിച്ചവർക്കും നൽകണം

[സ്വ. ലേ.] ഏനാമാക്കൽ മെയ് 25

കൂടുതൽ ഉല്പാദിപ്പിക്കുക എന്ന ഗവണ്മേണ്ടിന്റെ നയത്തെ മാനിച്ചു് മുല്ശ്ശേരി ബ്ലോക്കിന്റേയും മുല്ലശ്ശേരി ബ്ലോക്കു് സഹകരണ സംഘത്തിന്റേയും സഹായത്തോടും സഹകരണത്തോടുംകൂടി ഉദ്ദേശം 3000 ഏക്കർ പുഞ്ചകോൾ നിലങ്ങളിൽ പീച്ചിയിൽനിന്ന വെള്ളം കിട്ടുമെന്ന പ്രതീക്ഷയോടെ ഇറക്കിയ കൃഷി മുക്കാൽഭാഗവും ജലദൌർലഭ്യംമൂലവും, ഉപ്പുവെള്ളം ഏനാമാവു് റഗുലേറ്ററിൽകൂടി കടന്നു നശിച്ചിരിക്കുകയാണെന്നു് കഴിഞ്ഞ ദിവസം കൂടിയ ബ്ലോക്കു് ഡവലപ്പ്മെന്റു് കമ്മറ്റി ജില്ലാ കലക്ടർക്കും [ജില്ലാ സപ്ലൈ ഓഫീസർക്കും സമർപ്പിച്ച നിവേദനത്തിൽ പറഞ്ഞിരിക്കുന്നു.

മുൻ വർഷങ്ങളെ അപേക്ഷിച്ചു് പീച്ചിയിൽ വെള്ളം സുലഭമായിട്ടും ഈ ബ്ലോക്കു് അതുത്തിയിലുള്ള പുഞ്ചനിലങ്ങൾക്കു് വെള്ളം തീരെ കിട്ടാത്തതിന്റെ കാരണം ബന്ധപ്പെട്ട ഇറിഗേഷൻ ഉദ്യോഗസ്ഥന്മാരുടെ കഠോരമായ അശ്രദ്ധമൂലമാണെന്നു് പ്രസ്തുത നിവേദനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ടു്.

ജലദൌർലഭ്യമുണ്ടായപ്പോൾ മുല്ലശ്ശേരി ബ്ലോക്കു് സപ്ലൈസ് സഹകരണസംഘം ഭാരവാഹികളും കൃഷിക്കാരുടെ പ്രതിനിധികളും ഇറിഗേഷൻ ഉദ്യോഗസ്ഥന്മാരേയും കലക്ടരേയുംകണ്ടു നിവേദനം നടത്തിയെങ്കിലും ഈ ബ്ലോക്കു് അതുത്തിയിൽപ്പെട്ട പുഞ്ചനിലങ്ങൾക്കു മതിയായ വെള്ളംലഭിച്ചില്ല. പീച്ചിയിൽനിന്നു് കിട്ടിയിട്ടില്ലെന്നും ആ നിവേദനപത്രികയിൽ പരാതിപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് മേലാൽ ഈദൃശസംഭവങ്ങൾക്കു അവസരമുണ്ടാകാതിരിപ്പാൻവേണ്ട നടപടികൾ എടുക്കണമെന്നും ഈ ബ്ലോക്കു് അതുത്തിയിൽപ്പെട്ട പുഞ്ചകോൾ നിലങ്ങൾക്കു് താഴെ പറയുന്ന ആനുകൂല്യങ്ങളും അനുവദിക്കേണമെന്നും നിവേദനപത്രികയിൽ ആവശ്യപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ള രേഷൻകടകളിൽനിന്നു് അല്പം പുഴക്കലരിയും പച്ചരിയും കരിഞ്ചന്തയിൽ കൊടുത്തു കാശു വാങ്ങുന്നതായി പരാതിയുണ്ടു്. മനുഷ്യൻ പട്ടിണികൊണ്ടു പുളയുമ്പോൾ ഈ പുത്തൻ മുതലാളിമാർ വേഗം ധനികരാകുവാനുള്ള കുറുക്കുവഴി പാവങ്ങളുടെ പള്ളയ്ക്കടിച്ചല്ലാ കണ്ടുപിടിച്ചിട്ടുള്ളതു്.

പഞ്ചനാശേരി അറിയുന്നവൻ

ചങ്ങനാശ്ശേരിയിലെ ചീഞ്ഞുനാറുന്ന കംഫർട്ട് സ്റ്റേഷൻ

ചങ്ങനാശ്ശേരി ടൗണിന്റെ ഹൃദയഭാഗമായ വണ്ടിപ്പേട്ടയിൽ മുനിസിപ്പാലിറ്റിവകയായുള്ള കംഫർട്ട്സ്റ്റേഷനിൽ മലിനജലവും അഴുക്കുവസ്തുക്കളും കെട്ടിക്കിടന്നു ചീഞ്ഞുനാറുന്നതുമൂലം ചുറ്റുമുള്ള സ്ഥലവാസികൾക്കും വിദ്യാർത്ഥികൾക്കും മറെറയാത്രക്കാർക്കും വല്ലാത്ത അസൌകര്യമായിത്തീർന്നിരിക്കുകയാണു്. ഇതിനെക്കുറിച്ചു പലപരാതികളും മുനിസിപ്പാലിറ്റി 'സമക്ഷം' ബോധിപ്പിച്ചിട്ടും മുനിസിപ്പൽ അധികൃതർ 'പാലം കടക്കുന്നിടത്തോളം കേളൻ കല്യാണം' എന്നതുപോലെയാണു് നിൽക്കുന്നതു്. പൊതുജനങ്ങളുടെ ആരോഗ്യകാര്യമോ ശുദ്ധീകരണപ്രശ്നമോ കണക്കിലെടുക്കാൻ ഇവർക്കു് നേരമില്ലെന്നതോന്നുന്നു. ഇനിയെങ്കിലും മുനിസിപ്പൽ അധികാരികൾ കനിവുണ്ടായി ഈ ദുരിതത്തിൽനിന്നു് ജനങ്ങളെ രക്ഷിക്കുമോ?

ചങ്ങനാശേരി, സ്വന്തംലേഖകൻ

തൃശ്ശൂർ ആർ ഡി ഒ യുടെ ശ്രദ്ധയ്ക്കു്

കുറിക്കോടു്_മതിലകം ലൈനിൽ ഒരു ബസ്സ്സർവ്വീസുള്ളതു് കുറച്ചുദിവസങ്ങളായി മാടാത്തതുനിമിത്തം നാട്ടുകാർക്കും, കച്ചവടക്കാർക്കും, വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നു. ഇവിടെ ഒരുബസ്സ്സർവ്വീസ്മാത്രമാണുള്ളതു്. അതു് കൃത്യമായി ഓടിക്കാനും ജനങ്ങൾക്കു് നേരിടുന്ന ബുദ്ധിമുട്ടുകൾ ഇല്ലായ്മചെയ്യാനും ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു. മോതിരക്കണ്ണി_കുറിക്കോടുവഴി പാലക്കടിക്കു് ഒരു സർവ്വീസും കൂടി അനുവദിക്കുവാനും ആർ. ടി. ഒ. വിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

കുറിക്കോടു്, ഒരു നാട്ടുകാരൻ

....

ചെറുകിട വ്യവസായവികസനത്തിനു് ഒരു തീവ്രയജ്ഞപരിപാടി

കോഴിക്കോടു്, മേ. 24

കോഴിക്കോടു്ജില്ലയിലെ ചെറുകിട വ്യവസായവികസനത്ത

ഇന്ത്യയുടെ പദ്ധതിലക്ഷ്യങ്ങൾ പരാജയപ്പെട്ടു

—oo—oo—

കാർഷിക–വൈദ്യുത ജലസേചനരംഗത്തെ നിലപാട് ആശങ്കാജനകം

ന്യൂഡൽഹി, മെ. 25

കാർഷികോല്പാദനം, വൈദ്യുതവൽക്കരണം, ജലസേചന പദ്ധതി മുതലായവയിൽ നിർദ്ദിഷ്ട ലക്ഷ്യത്തിലെത്താൻ നിലവിലിരിക്കുന്ന പഞ്ചവത്സര പദ്ധതി കഴിഞ്ഞിട്ടില്ലെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. നാണ്യവിളകളുടെ കാര്യത്തിൻ പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും ഭക്ഷ്യധാന്യത്തിൽ 46 ലക്ഷം ടൺ കുറവാണ സംഭവിച്ചത്.

550 കോടി രൂപയാണ് ജലസേചനം സംബന്ധിച്ച പ്രവർത്തനങ്ങൾക്കു ചെലവിട്ടതെങ്കിലും ആ രംഗത്തുണ്ടായ പിന്നോക്കനില 50ശതമാനം വംരയായിരുന്നു. ഇറിഗേഷൻ പ്രോജക്ട് പ്രവർത്തനങ്ങളും അവയുടെ ഉപയോഗവും പ്രതീക്ഷയിൽ വളരെ കുറച്ചുമാത്രമെ പുരോഗമിച്ചുള്ളൂ.

ശക്തിയില്പാദനത്തിനു 1100 കോടി രൂപയേളം ചെലവാക്കിയെങ്കിലും 70 ലക്ഷം കിലോവാട്ട് ശക്തി എന്ന ലക്ഷ്യത്തിനു പകരം 50 ലക്ഷം മാത്രമെ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യന്ത്രസാമഗ്രികളിലുള്ള വമ്പിച്ച വിലക്കയറ്റമാണ് ചെലവുകൂടാനുള്ള ഒരു കാരണമായി ധനവ്യയകാര്യങ്ങളും വിലയിരുത്തുന്നു. എന്നാൽ പദ്ധതി തയാറാക്കുമ്പോൾ ഇവയെ പ്രശ്നങ്ങൾകൂടി കണക്കിലെടുക്കാഞ്ഞതെന്തെന്നുള്ളതിനു പ്ലാനിംഗ കമ്മീഷൻ മറുപടി നൽകാൻ മുതലക്കാക്ക കഴിയുന്നില്ല.

(യു. പി. എസ്.)

....

കോട്ട–ചിത്തോർഗഢ് റെയിൽപാത

ന്യൂഡൽഹി മെയ് 25

കോട്ട മുതൽ ചിത്തോർഗഢ് വരെ 167 കിലോമീറ്റർ നീളത്തിൽ ഒരു ബ്രോഡ്ഗേജ് റെയിൽപാത നിർമ്മിക്കുന്നതിനു റാഫിക് സർവ്വേ നടത്താൻ റെയിൽവേ വകുപ്പുമന്ത്രി വെളിപ്പെടുത്തി. സർവ്വേ ജോലി പശ്ചിമ റെയിൽവേ നടത്തുന്നതാണ്.

—

ഫോവർക്രാഫ്റ്റ് ഒറീസയിൽ 300 മൈൽ യാത്രചെയ്തു

ലണ്ടൻ, മെ. 25

ഉറന്ന കടലിൽ ഒരു ഹോവർക്രാഫ്റ്റ് നിശ്ചയിച്ചതിനെ നടത്തുന്ന ഏറ്റവും കൂടുതൽ ദൈർഘ്യമുള്ള യാത്ര ഇന്നലെ ഒരു വെസ്റ്റ് ലാൻഡ് എസ്സ്. ആർ. എൻ–5 മുഴുവിച്ചിരിക്കുന്നു. ഡെനർലാൻഡിലെ ആംസ്റ്റർഡാമിൽ മെയ് 15 മുതൽ 25 വരെ നടന്ന "ഫ്രിട്ടിഷ്വാർ"ത്തിൽ പങ്കെടുത്തശേഷം അദ്ദേ ഫ്രിട്ടനിലേക്ക് മടങ്ങുകയായിരുന്നു.

ആംസ്റ്റർഡാമിനടുത്തു ഇജ്മുദേശത്തിൽനിന്നു ഐൽ ഓഫ് വൈറിറിലെ കോവ്സ്വരെയുള്ള 300 മൈൽ ദൂരം ഏഴുമണിക്കൂർ 40 മിനിട്ടുകൊണ്ടാണ് അദ്ദേ തരണംചെയ്തത്. മൂന്നു മുതൽ നാലുവരെ അടി ഉയരത്തിലുള്ള അലകളും മണിക്കൂറിൽ 22 മൈൽ വേഗത്തിൽ അടിച്ചുകൊണ്ടിരുന്ന കാറ്റും അതിനു അഭിമുഖീകരിക്കേണ്ടിവന്നു.

....

മൂന്നു കമ്പനികൾക്കു മൂല്യധനം രൂപീകരിക്കാൻ അനുവാദം

ന്യൂഡൽഹി മെയ് 25

മൊത്തം 1. 82 കോടി രൂ. യിലധികം വിലവരുന്ന ഔഷധനിർമാണം പുരോഗമിപ്പിക്കാൻ മൂന്നു കമ്പനികൾക്ക് ഇന്ത്യാ ഗവണ്മെണ്ട് അനുവാദം നൽകിയിരിക്കുന്നു.

ബോംബെയിലെ ഡ്രക്കാൻ ഫ്ലേനോ ഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, സി. ടി. ആർ. മാനുഫാക്ചറിംഗ് ഇൻഡസ്ട്രീസ് ലിമിറ്റഡ്; ഡൽഹിയിലെ പി. എസ്. ബാംബെയിംഗ് കമ്പനി ലിമിറ്റഡ് എന്നിവയാണ് കമ്പനികൾ

—

Sisters of St. Ann (Bezwada)

എന്ന സഭയിൽ ചേരാനാഗ്രഹിക്കുന്ന S S. L. C. ജയിച്ച അർഥിനികൾ പ്രസ്തുത സഭക്കാരായ കന്യാസ്ത്രീകളെ നേരിട്ടു കാണുക.

മേയ് 31— തിരുവല്ലയിടം, തൃശ്ശൂർ.
ജൂൺ 2 മേരിഗിരി ആശുപത്രി, ഭരണങ്ങാനം.

Fr. George Vayalil M. S. F. S.

അപേക്ഷികൾ ക്ഷണിക്കുന്നു

തെഡ്ഫാറം പാസ്സായവർക്ക് അഗ്രികൾച്ചർ K.G.T.E. പാസ്സായി ഗ്രാമസേവക്, ഗ്രാമലക്ഷ്മി, ഫീൽഡ്മാൻ, സ്പ്രെയിംഗ് സൂപ്പർവൈസർ എന്നി തസ്തികകളിൽ നിയമനസാധ്യത നേടാവുന്നതാണ് ആകെ ഫീസ് 30ക. മാത്രം. കൂടുതൽ വിവരങ്ങൾക്ക് മൂന്നു 10 പൈസാ സ്റ്റാമ്പ് അയയ്ക്കുക.

Agriculture Training wing
C/o Phonetic Institute,
High Road, TRICHUR.
JAWAHAR

കേരള സംസ്ഥാന പൊതുമരാമത്തു് വകുപ്പ്

ടർഘാസ് പരസ്യം.

താഴെ പറയുന്ന ജോലികൾക്ക് തൃശ്ശൂർ ബിൽഡിംഗ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ രജിസ്റ്റ്ചെയ്തവരായ നിലവിലുള്ളവരോ ആയ കരാറുകാരിൽനിന്നു് സീലുവെച്ച ടർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ടർഘാസുകൾ 10–6–65ൽ ഉച്ചകഴിഞ്ഞു് 3 മണിവരെ സ്വീകരിക്കുന്നതാണ്.

ജോലിയുടെ പേരു്.	ഏകദേശം അടങ്കൽ സംഖ്യ	കെട്ടിവെക്കേണ്ട നിരതദ്രവ്യം	ടർഘാസ് പ്രമാണങ്ങളുടെ വില
1. ക്രാഫ്റ്റ്മെൻ ടെയിനിംഗ് സ്കൂളിൽ ഐ. ടി. ഐ. ചാലക്കുടിയിൽ പണിചെയ്യുന്ന ഹോസ്റ്റൽ കെട്ടിടത്തിനുവേണ്ടിയുള്ള കൂടുതൽ പണികൾ–തൃശ്ശൂർ ബിൽഡിംഗ്സ് ഡിവിഷൻ.	41313ക.	827ക.	ക. 3_09
2. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ കെമിസ്ട്രി, ഫിസിക്സ് ലാബറട്ടറികൾക്കുവേണ്ടിയുള്ള കൂടുതൽ പണികൾ–തൃശ്ശൂർ ബിൽഡിംഗ്സ് ഡിവിഷൻ.	46328ക.	927ക.	ക. 3_09
3. തൃശ്ശൂർ മുനിസിപ്പാലിറ്റിയിൽ കൂടുതൽ പണികൾ–തൃശ്ശൂർ ബിൽഡിംഗ്സ് ഡിവിഷൻ.	7196ക.	144ക.	ക. 2_06

N. B. ടർഘാസുപ്രമാണങ്ങൾ ടി ആഫീസ്സിൽനിന്നു് 3_6_1965 മുതൽ 9_6_1965ൽ ഉച്ചകഴിഞ്ഞു് 3 മണിവരെയുള്ള ദിവസങ്ങളിലെ ആഫീസ് സമയങ്ങളിൽ ലഭിക്കുന്നതാണ്.

[ഒപ്പ്]

തൃശ്ശൂർ ബിൽഡിംഗ്സ് ഡിവിഷൻ ആഫീസ്–അയ്യന്തോൾ, തൃശ്ശൂർ–3. 18_5_1965.

കെ. ടി. ജോസഫ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ.

വിലവർദ്ധനവു തടയൻ സകല സംരംഭങ്ങളും സർക്കാർ സ്വീകരിക്കുന്നുണ്ട്

നിശ്ചിതവരുമാനക്കാർ ജീവിതം മുന്നോട്ടുനീക്കാൻ ഞരുങ്ങുകയാണെന്നു ഭഗവതി

കോഴിക്കോട്, മെ. 24

'വിലവർദ്ധനവു' തടയുന്നതിനു് ആവശ്യമായ എല്ലാ നടപടികളും ഗവണ്മെണ്ടു് സ്വീകരിക്കുന്നുണ്ടെന്നു് കേന്ദ്ര കമ്മ്യൂണിക്കേഷൻ ഡെപ്യൂട്ടി മന്ത്രി മി. ബി. ഭഗവതി പ്രസ്താവിച്ചിരിക്കുന്നു.

എന്നാൽ ഇതു് ഉൽപ്പാദനത്തെ ആശ്രയിച്ചിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. വിലവർദ്ധനവിന്റെ പ്രശ്നം ഗുരുതരമായ തന്നാണെന്നും നിശ്ചിത വരുമാനമുള്ള ആളുകളാണു് കൂടുതൽ കഷ്ടപ്പെടുന്നതെന്നും മി. ഭഗവതി പറഞ്ഞു.

പി. ആർ. ടി. എംപ്ലോയീസ് യൂണിയന്റെ 4–ാമതു കേരള സംസ്ഥാന കോൺഫറൻസിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. യൂണിയന്റെ മൂന്നു ദിവസത്തെ സമ്മേളനം ഇന്നലെ അവസാനിക്കുകയുണ്ടായി. വില നിയന്ത്രിക്കാനുള്ള ഗവണ്മെൻറിന്റെ സംരംഭങ്ങളുമായി സഹകരിക്കുവാൻ അദ്ദേഹം പി. ആർ. ടി. ജീവനക്കാരെ ആഹ്വാനം ചെയ്തു.

കേരള സർക്കിളിലെ പി. ആർ. ടി ജീവനക്കാർക്കുവേണ്ടി 348 വീടുകൾ പണിയിക്കാൻ പരിപാടി ഉണ്ടെന്നും മി. ഭഗവതി പറഞ്ഞു. ഈ വീടുകളുടെ പണി തവണകളായി തിരിച്ചടയ്ക്കുന്നതാണെന്നും മി. ഭഗവതി പറഞ്ഞു. എൺപതുശതമാനം പി. ആർ. ടി. ജീവനക്കാരും വാടകകെട്ടിടത്തിലാണ താമസിക്കുന്നതെന്നും കേരളത്തിലെ സ്ഥിതി അതിനെക്കാൾ വഷളാണെന്നും അദ്ദേഹം വ്യക്തമാക്കി.

അടുത്ത ജൂണിൽ മൈസൂരിൽ ഒരു പി. ആർ. ടി. ടെയിനിംഗ് സെന്റർ ആരംഭിക്കുന്നുണ്ട്. ആന്ധ്ര മൈസൂർ കേരള എന്നീ സർക്കിളുകളിലെ സ്റ്റാഫിനു് അവിടെ പരിശീലനം നൽകും. ജീവനക്കാരുടെ അവശതകൾ പരിഹരിക്കുന്ന പ്രശ്നം സംബന്ധിച്ചു് ജീവനക്കാരും ഭരണകർത്താക്കളും തമ്മിൽ വിരോധം ഉണ്ടാവാൻപാടില്ല എന്നു് കേന്ദ്ര ഡെപ്യൂട്ടി മന്ത്രി പറഞ്ഞു. പി. ആർ. ടി. ജീവനക്കാർ 1962 ലെ ചൈനീസ് ആക്രമണകാലത്തു ചെയ്തപോലെ രാജ്യത്തിന്റെ പ്രതിരോധസംരംഭങ്ങൾക്കു് സംഭാവനകൾ നൽകണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

—

ഓരോ സ്കൂളിലും വിദ്യാർത്ഥികളെ ഉപദേശിക്കാൻ മനശാസ്ത്രജ്ഞന്മാർ

മദ്രാസ്: വിദ്യാർത്ഥികളിലെ മനഃശാസ്ത്രപരമായ പ്രശ്നങ്ങൾ വേണ്ട ഉപദേശം നൽകുന്ന എന്ന വിഷയത്തിൽ മുനിച്ച് നഗരത്തിനു് നല്ല അനുഭവങ്ങൾ ഉണ്ടായിരിക്കുന്നു. അതിനാൽ അവിടത്തെ വിദ്യാഭ്യാസവകുപ്പ് എല്ലാ വിദ്യാലയങ്ങളിലും ഓരോ മനഃശാസ്ത്രജ്ഞനെ കൂടി അധ്യാപകനായി നിയമിക്കാൻ തീർച്ചയാക്കിയിരിക്കയാണ്. ഇപ്പോൾ ഏകദേശം 6,000–7,000 വിദ്യാർത്ഥികൾക്ക് മനഃശാസ്ത്രജ്ഞന്മാരുടെ ഗുണദോഷം ലഭിക്കുന്നുണ്ട്. ഈ മനഃശാസ്ത്രജ്ഞന്മാരുടെ പ്രവർത്തി പലതാണ്. മടിയന്മാരായ കുട്ടികളെ അവരുടെ പഠിത്തത്തിൽ സഹായിക്കുക, അവരുടെ ആരോഗ്യത്തിനും ബുദ്ധിക്കും യോജിച്ച തൊഴിൽ ഏതാണെന്നു് അവരെ മനസ്സിലാക്കുക ഇവയെല്ലാമാണ് അവർ ചെയ്യുന്നതു്. ചില 14 16 വയസ്സുള്ള കുട്ടികൾക്ക് യോജിച്ച പ്രവർത്തി കണ്ടുപിടിക്കണം. അപ്രകാരം വീട്ടിൽ ഒരു സൈരുവും ഉണ്ടായിരിക്കയില്ല. അതിനാൽ എല്ലാ കൊല്ലവും വസന്തകാലത്തു് രോഗി സ്കൂളിലെ പുതിയ വിദ്യാർത്ഥികൾക്ക് "നിങ്ങളുടെ തൊഴിൽപരമായ പ്രശ്നങ്ങളുമായി നിങ്ങളുടെ വിദ്യാലയത്തിലെ മനഃശാസ്ത്രജ്ഞനെ സമീപിക്കുക" എന്ന സന്ദേശം കയ്യു ലഭിക്കാറുണ്ടു്: ഏകദേശം 30–50 വിദ്യാർത്ഥികളും തൊഴിൽപരമായ കാര്യത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായം അറിയാനോ, മാതാപിതാക്കളും തങ്ങളുടെ കുട്ടികളെപ്പറ്റി പരാതിപറയാനോ അദ്ദേഹത്തെ സമീപിക്കാറുണ്ടു്. പശ്ചിമ ജർമ്മനിയിൽ ഏകദേശം 5,000ത്തോളം തൊഴിലുകളുണ്ടു്. അവയിൽനിന്നും ഒന്നു തിരഞ്ഞെടുക്കുന്നതു് അതിനെ സംബന്ധിച്ചു് നല്ലതുപോലെ ചിന്തിച്ചതിനും പല പരീക്ഷണങ്ങളും നടത്തിയതിനും ശേഷമായിരിക്കണം. പല യുവാക്കളും അന്തസ്സിനുവേണ്ടി അവർ തിരഞ്ഞെടുത്ത തൊഴിലിൽ പരാജയപ്പെട്ടുകാണുന്നു.

....

സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾക്കു 21 ലക്ഷം

തൃശ്ശൂർ, മെ. 25

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി തൃശ്ശൂർജില്ലയിൽ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ 21,93,470 രൂപാ ചിലവഴിക്കുകയുണ്ടായി. സാമൂഹ്യവികസനത്തിനു നീക്കിവച്ചിരുന്ന സംഖ്യയുടെ 103 ശതമാനമാണ് വിനിയോഗിക്കപ്പെട്ടതു്.

—

വാർഷികങ്ങൾ

(സ്വ. ലേ) പരപ്പക്കര, മെ. 25

ഇവിടേയ്ക്കടുത്ത ആനന്ദപുരം പള്ളിയിലെ മരിയസേവ്യത്തിന്റെയും മാതൃസംഘത്തിന്റെയും സംയുക്ത വാർഷികം അടുത്ത വ്യാഴാഴ്ച ഉച്ചതിരിഞ്ഞു പള്ളിയങ്കണത്തിൽവെച്ചു് സാഘോഷം കൊണ്ടാടുന്നതാണ്. യോഗത്തിൽ റവ: ഫാദർ ജോൺ ചെമ്മണ്ണൂർ അദ്ധ്യക്ഷം വഹിക്കും. റവ.ഫാദർ ജോസ് അക്കരക്കാരൻ പ്രസംഗിക്കും. യോഗാനന്തരം "കണ്ണുനീരിന്റെ മക്കൾ" എന്ന സാമൂഹ്യനാടകം അവതരിപ്പിക്കുന്നതാണ്.

തൊട്ടിപ്പാറ, മെയ് 25

തൊട്ടിപ്പാറ ഭാരത തിയറേഴ്സിന്റെ കന്നാംവാഷികം ഇന്നലെ ജവഹർ നഗറിൽവെച്ചു് ആഘോഷപൂർവ്വം നടന്നിരിക്കുന്നു. ശ്രീ. നാരായണൻ കർത്താ അദ്ധ്യക്ഷം വഹിച്ചു. ജോജ്ജ് നെല്ലായി, പി. കെ. ചാത്തൻ എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം "നീ എന്നെ മനുഷ്യനാക്കി" എന്ന സാമൂഹ്യനാടകവും ഉണ്ടായിരുന്നു.

ആലപ്പുഴ, മെയ് 24

ആലപ്പുഴ ഷാക്കർവർഡിലുള്ള സെൻറ് ആൻറണീസ് സ്റ്റേഴ്സ് ക്ലബ്ബിന്റെ പ്രഥമ വാർഷികം ഇക്കഴിഞ്ഞ ശനിയാഴ്ച ആഘോഷിച്ചു. രാവിലെ 9 മണിക്ക് ടി. സബാസ്റ്റ്യൻ ഫർണാന്റോ പതാക ഉയർത്തി. തുടർന്നു് കായികമത്സരവും വൈകുന്നേരം 6 മണിക്ക് സെന്റ് ആൻറണീസ് സ്ടീറിൽവെച്ചു പൊതുസമ്മേളനവും നടത്തപ്പെട്ടു. ഓമനപിള്ള എം. എ. എൽ. എൽ. ബി. യോഗം ഉൽഘാടനം ചെയ്തു. റവ. ഫാ. ജോസഫ് പഴമ്പശ്ശേരി യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ശ്രീ. കല്ലേലി രാഘവൻപിള്ള ബി. എ, ബി. ടി; ഏ എൽ. ജോൺ, ശ്രീമതി കെ. ഇ. അന്നക്കുട്ടി മുതലായവർ പ്രസംഗിക്കുകയും ചെയ്തു. അതിനുശേഷം നടനകലാപരിപാടി, ഡാ. വി. ഫബീബ് ഉൽഘാടനം ചെയ്തു. സി. എൽ. ജോസിന്റെ "കവിത വെളിച്ചം" എന്ന നൃത്തസംഗീതനാടകം സ്റ്റോട്ട്സ് അംഗങ്ങൾ ചേന്നു് അവതരിപ്പിക്കുകയുണ്ടായി.

തെക്കേ വാഴക്കുളം, മേയ് 24

തെക്കേ വാഴക്കുളം ഉണ്ണിമിശിഹാ പള്ളിയിലെ സൊഡാലിറ്റി വാർഷികം ശ്രീ. പി ടി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. ജെ. തയിൽ സ്വാഗതം പറയുകയും പി. ഡി. പൈലി പ്രസംഗിക്കുകയും ചെയ്തു. തോമസ് കട്ടക്കയത്തിന്റെ നന്ദിപ്രകടനവും ഉണ്ടായിരുന്നു. "ദേവനിന്ദനം മനുഷ്യർ" എന്ന നാടകാവതരണവും ഉണ്ടായിരുന്നു.

....

30 ലക്ഷം ക.യ്യടെക്കള്ള കടത്ത സാധനങ്ങൾ പിടിച്ചെടുത്തു

ന്യൂഡൽഹി, മേയ് 25

1965 ഏപ്രിൽമാസത്തിൽ ഇന്ത്യയിലെ കസ്റ്റംസ് അധികൃതർ ഏതാണ്ടു് 30 ലക്ഷം കയ്യുള്ള കള്ളക്കടത്തു വസ്തുക്കൾ പിടിച്ചെടുത്തു. ഏകദേശം എട്ടു ലക്ഷം ക.യ്യുള്ള സ്വർണ്ണം ഇതിലുൾപ്പെടും. ഏകദേശം 20ലക്ഷം ക.യ്യുള്ള സ്വർണ്ണമുൾപ്പെടെ ഏകദേശം 40 ലക്ഷം ക.യ്യുള്ള കള്ളക്കടത്തു വസ്തുക്കളാണ് കഴിഞ്ഞവർഷം ഇതേമാസം പിടിച്ചെടുക്കപ്പെട്ടതു്.

കള്ളക്കടത്തു് സംബന്ധിച്ച 15 കേസുകളിൽ കോടതി വിധിയുണ്ടായി. പ്രതികൾക്ക് വിവിധ കാലയളവു് ജയിൽ ശിക്ഷയും വിവിധ തുകകൾ പിഴയും വിധിക്കപ്പെട്ടു.

WANTED Fully qualified hands within frescribed age limits for appointment in School under the management of M. M. Aeraham, L P Schoo. Veeroliphadam Manalithara P. O (Via) Wadakkancherry, Cohin, as trained L. P. teachers in permanent vacancies. Retired qualified teachers below 59 years may also apply. Apply within 10 days by registered post to the manager with copies to the A. E O. Wadakkancherry.
Veerolippadam,
24 5–65.

WANTED Fully qualified hands with in the prescribed age limits for appointment in vacancies as shown below. Vacancies are likely to become permanent. Two Trained graduates, one in "Mathematics & one in Science, one physical education teacher and one fully qualified Craft teacher for book-binding" for appointment in S N. Training School, Irinjalakuda Graduates with 1st or 2nd class, and with basic training will be given preference. One trained physical science gradute, one part time Malayalam pandit, and one part time Hindi pandit for appointment in S. N High School, Irinjalakuda. Retired hands below 59 may also apply. Apply within 10days by Registered post to the manager, with copies to the D. E. O Irinjalakuda.

P. O. Panangad
23_5_1965

Manager,
High School,
Panangad.

WANTED Fully qualifid hands within the prescribed age limits for appointment under the Managment H. S. Panangad H S A. S. Mathematics 2 (one permanent, one Deputation vacancy), General Science 2 (one Physical Science, one Nat Science) one permanent, one temporary, Social Studies (temporary) 2, Malayalam Part-time (temp) 1, Retired qualified teachers below 59 may also apply. Apply within 10days by Registered post to the manager, with copies to the D. E. O Irinjalakuda.

P. O. Panangad
23_5_1965

Manager,
High School,
Panangad.

തലസ്ഥാനത്തുനിന്നു്

(സ്വ. ലേ.) മേയ് 24

അണ്ടർസെക്രട്ടർ ശ്രീ എ. ഇ. എഫ്, തഹസിൽദാരി മേയ് 27–ാംതീയതി ബാംഗ്ലൂരേയ്ക്കു് പോകുന്നതും 28, 29 എന്നീ തീയതികളിൽ അവിടെവച്ചു് ഫിനാൻസ് കമ്മീഷനുമായി ചർച്ച കഴിഞ്ഞ നടത്തുന്നതും, 30–ാംതീയതി മദ്രാസിൽ ക്യാബുചെയ്യുന്നതുമാണ്. മേയ് 31 –ാംതീയതി രാവിലെ അദ്ദേഹം തിരുവനന്തപുരത്തു തിരിച്ചെത്തും.

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ വിദ്യാഭ്യാസ ആഫീസർ ശ്രീ. വി. പി. കരുണാകരൻനായരെ പ്രൊമോട്ടുചെയ്തു സതേൺസിൽനിന്നും റീട്ടയർ ചെയ്യുന്ന ശ്രീ. ഇ. എൻ. പരമേശ്വരൻ പിള്ളയ്ക്കു് പകരം എറണാകുളം റീജിയണൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറായി നിയമിച്ചിരിക്കുന്നു.

ടെയിൻഡ് ടീച്ചേഴ്സ് സർട്ടിഫിക്കറ്റ് അംഗീകരിച്ചു

ആംഗ്ലോ–ഇന്ത്യൻ വിദ്യാലയങ്ങൾക്കായുള്ള കോഡ് ഓഫ് റഗുലേഷൻ അനുസരിച്ചു് നൽകുന്ന ടെയിൻഡ് ടീച്ചേഴ്സ് സർട്ടിഫിക്കറ്റ് സംസ്ഥാനത്തെ ററി, ററി. സി.ക്കു് തുല്യമായ യോഗ്യതയായി ഗവണ്മെൻറ് അംഗീകരിച്ചിരിക്കുന്നു.

ഇന്റർ മീഡിയറ്റ് കോളേജ് പ്രവേശനം

തിരുവനന്തപുരം ഇന്റർമീഡിയറ്റ് കോളേജിലെ പ്രീഡിഗ്രി കോഴ്സിനുള്ള അഫേക്ഷാഫാറങ്ങൾ മേയ് 25–ാംതീയതിമുതൽ വിതരണം ചെയ്യുന്നതാണെന്നു് പ്രിൻസിപ്പൽ അറിയിച്ചിരിക്കുന്നു. രണ്ടുരൂപ വിലയുള്ള അപേക്ഷാഫാറങ്ങളും കോളേജ് ആഫീസിൽനിന്നും നേരിട്ടു വാങ്ങാവുന്നതുമാണ്. അപേക്ഷാഫാറങ്ങൾ തപാൽവഴി ആവശ്യമുള്ളവർ 2 രൂപ 80 പൈസ മണിയാർഡ്റായി അയയ്ക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷാഫാറങ്ങൾ കോളേജ് ആഫീസിൽ കിട്ടിയിരിക്കേണ്ട അവസാനതീയതി 1965 ജൂൺ 10 ആണ്.

റിസർവേഷൻ കമ്മീഷന്റെ തെളിവു ശേഖരണം

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റിസർവേഷൻ സംബന്ധിച്ചു് അന്വേഷണം നടത്തി റിപ്പോർട്ടു് സമർപ്പിക്കാൻ നിയുക്തമായിട്ടുള്ള കമ്മീഷൻ തിരുവനന്തപുരത്തു പുന്നൻറോഡിലുള്ള കമ്മീഷൻ ആഫീസിൽവച്ചു് ജൂൺ 14–ാംതീയതി രാവിലെ 10നും 12–30നും ഇടയ്ക്കും തെളിവുകൾ ശേഖരിക്കുന്നതാണ്. തെളിവുകൾ നൽകാൻ ഉദ്ദേശിക്കുന്നവർ നേരത്തെ പേരും, മേൽവിലാസവും കമ്മീഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.

ഏൻജിനീയറിംഗ് ഡിപ്ലോമ ഹോൾഡേഴ്സ് അസ്സോസിയേഷൻ

കേരള സ്റ്റേറ്റ് എൻജിനീയറിംഗ് ഡിപ്ലോമ ഹോൾഡേഴ്സ് അസ്സോസിയേഷന്റെ തിരുവനന്തപുരം ജില്ലാ ശാഖയുടെ വാർഷികയോഗം മേയ് 30–ാംനു രാവിലെ 10 മണിക്ക് സേവിയേഴ്സ് അനക്സിൽവച്ചു് കൂടുന്നതാണ്.

....o....

ഇന്ത്യയ്ക്കു് രണ്ടു മിഷ്യൻ ട്രാക്ടറുകൾകൂടി

ന്യൂഡൽഹി മേയ് 25

ചെക്കോസ്ലോവേക്യൻ ഗവണ്മെണ്ടിന്റെ ധനസഹായത്തോടെ ഇന്ത്യയിൽ രണ്ടു മെഷ്യൻട്രാക്ടർ പ്രോജക്ടുകൾകൂടി പൊതുമേഖലയിൽ സ്ഥാപിക്കുന്നതാണെന്നു് റിപ്പോർട്ടുചെയ്തിരിക്കുന്നു. ഇതിൽ ഒന്നു് ഗുജറാത്തിൽ സ്ഥാപിക്കുവാൻ പോകുന്ന മീഡിയം ഹൈവി മെഷ്യൻ ട്രാക്ടറുകൾക്കുള്ളതാണ്. രണ്ടാമത്തേത് "ഗ്രൈൻഡിംഗ് മെഷീൻ ടൂൾപ്ലാന്റ്" രാജസ്ഥാനിലും സ്ഥാപിക്കുന്നതായിരിക്കും.

ഈ രണ്ടു പ്ലാന്റുകളിലേയും വാഷികോല്പാദനം ഏകദേശം 5000ടണ്ണും 3000 ടണ്ണുംവീതം ആയിരിക്കും ഇതുവരെയുള്ള തീരുമാനങ്ങളനുസരിച്ചു് ഇരണ്ടുപ്ലാന്റിനും വേണ്ടി മുടക്കേണ്ടിവരുന്ന മൂലധനം 12 കോടി രൂപയും 6 കോടി രൂപയുമായിരിക്കും.

—

അണുശക്തികൊണ്ടു് പ്രവർത്തിക്കുന്ന ദീപസ്തംഭം

വാഷിംഗ്ടൺ, മെ 25

അണുശക്തി ഉപയോഗിക്കുന്ന ലോകത്തിലെ ഒന്നാമത്തെ ദീപസ്തംഭത്തിന്റെ രണ്ടാമത്തെ പ്രവർത്തനവർഷം വ്യാഴാഴ്ച ആരംഭിച്ചിരിക്കുന്നു.

സ്ട്രോൺഷിയം ടൈറനേറാ ഐസോടോപ്പിൽനിന്നു ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി ഉപയോഗിക്കുന്ന ഈ മാർഗ്ഗദർശകദീപം മേരിലണ്ടിലെ ചെസാപീക് ഉൾക്കടലിൽ അമേരിക്കൻ കോസ്റ്റ് ഗാർഡ്വകയായുള്ളബാൾടിമോർ ദീപസ്തംഭത്തിലാണ് സ്ഥാപിച്ചിരിക്കുന്നതു്. 1964 മെയ് 20–ാംതിയതി ഈ പ്രവർത്തനമാരംഭിച്ചു.

ഈ ദീപം 10 വർഷം ആയുടേയും സഹായംകൂടാതെ പ്രകാശിച്ചുകൊണ്ടിരിക്കും. മുമ്പു് ഇതിനു് ബാറ്ററികളായിരുന്നു. ഉപയോഗപ്പെടുത്തിയിരുന്നതു്. ബാറ്ററികൾ കൂടെക്കൂടെ മാറേണ്ടിയിരുന്നു. ഈ ബാറ്ററികൾ മാറ്റി പകരം അണുശക്തിയിൽനിന്നു് ഉല്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി ഇപ്പോൾ ഉപയോഗപ്പെടുത്തിവരുന്നു. ഈ ദീപസ്തംഭത്തിന്റെ പ്രവർത്തനം സംപൂർണ്ണം ആശ്രയയോഗ്യവും പൊതുവേ മെച്ചപ്പെട്ടതുമാണ് എന്നു് കോസ്റ്റ്ഗാർഡ്സ് പ്രസ്താവിച്ചു.

ഇതുപോലെയുള്ള അണുശക്തി യൂണിറ്റുകളിൽനിന്നു് ഉല്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി ഉപയോഗിക്കുന്ന ഉപഗ്രഹങ്ങൾ 1961–ൽ അമേരിക്ക ഭ്രമണപഥത്തിൽ എത്തിക്കുകയുണ്ടായി. ആർ.ക്.ടി.കിലും അൻറാർട്ടിക്കിലും മെക്സിക്കോ ഉൾക്കടലിലും ഇപ്പോഴുള്ള സ്വയംപ്രവർത്തിക്കുന്ന കാലാവസ്ഥോപഗ്രഹങ്ങൾക്കുവേണ്ട വിദ്യുച്ഛക്തി നൽകുന്നതും ഇത്തരം യൂണിറ്റുകളാണ്. അതുപോലെതന്നെ, ചെസാപീക് ഉൾക്കടലിൽ കപ്പൽ ഗതാഗതത്തിനു സഹായിക്കുന്നമാർഗ്ഗദർശനം നൽകുന്ന ഒരു 'ബോയി'യും അറ്റ്ലാന്റിക് മഹാസമുദ്രത്തിന്റെ അടിത്തട്ടിലുള്ള ഒരു മാർഗ്ഗദർശകദീപവും ഇതുപോലുള്ള യൂണിറ്റുകൾകൊണ്ടാണ് പ്രവർത്തിക്കുന്നതു്.

×

ഇക്കൂട്ടരോടും ഒരുപോലെ പെരുമാറണം

ന്യൂഡൽഹി, മേ 25

വാസ്തു, ഭവനനിർമ്മാണം പുന്നീകാര്യങ്ങളിൽ പ.ക് അധീന ജമ്മു-കാശ്മീർ പ്രദേശത്തുനിന്നുള്ള അഭയാർത്ഥികളോടും പശ്ചിമ–പൂർവ്വപാക്കിസ്ഥാൻ അഭയാർത്ഥികളോടും ഒരുപോലെ പെരുമാറണമെന്നു് ഇന്ത്യാഗവണ്മെണ്ടു് തീരുമാനിച്ചിരിക്കുന്നു.

നിയമപരവും ഭരണഘടനാപരവുമായ നില മുൻനിറുത്തി കാശ്മീരി അഭയാർത്ഥികളോടു് അവകാശവാദങ്ങളും സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നില്ല. എങ്കിലുംനിയമപരമായ ചട്ടങ്ങളൊന്നും കൂടാതെതന്നെ അവർക്ക് ധനസഹായം നല്കുന്നുണ്ടു്.

....

കോടന്തൂരിൽ ഗ്രാമസഹായക് ക്യാമ്പു്

തൃശ്ശൂർ, മെ. 24

ചേർപ്പു് വികസന ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ കോടന്തൂർ സെൻറ് ആൻറണീസ്സ് ലോ

ബീഹാറിൽ കോൺഗ്രസ്സ് പൊട്ടിപ്പിളരുന്നു

12 എം. എൽ. എ. മാർ സ്വതന്ത്ര പാർട്ടിയിലേയ്ക്ക് തിരിച്ചുപോകുന്നു

റാഞ്ചി, മെ. 24

ബീഹാറിലെ 22 മുൻ സ്വതന്ത്ര നിയമസഭാ അംഗങ്ങളിൽ 12പേർ കോൺഗ്രസിൽനിന്ന് വിട്ടുനിന്നതിനും സ്വതന്ത്ര പാർട്ടി പുനരുജ്ജീവിക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു.

മി. പാഠംദയാലിന്റെ അദ്ധ്യക്ഷതയിൽ ഇന്നലെ ചേർന്നയോഗമാണ് ഈ തീരുമാനമെടുത്തത്. അടുത്ത നിയമസഭാ സമ്മേളനത്തിൽ പ്രതിപക്ഷ സ്ഥാനത്തിരിക്കുന്നതിനും അവർ തീരുമാനിച്ചിട്ടുണ്ട്.

രണ്ടുകൊല്ലം മുമ്പാണ് മി. ജയ്പാൽസിങ്ങ് [എം. പി.] യുടെ നേതൃത്വത്തിൽ സ്വതന്ത്ര പാർട്ടി കോൺഗ്രസ്സിൽ ലയിച്ചത്.

....

ശ്രീ: പോൾ തോമസ് അദ്ധ്യാപകർക്കുള്ള സ്റ്റേറ്റ് അവാർഡ് കിട്ടിയ തൃശൂരിലെ അദ്ധ്യാപകൻ

തൃശൂർ, മെ. 25

തൃശൂർ കാൽഡിയൻ സിറിയൻ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ പോൾ തോമസിന് 1964 65 ലെ അദ്ധ്യാപകർക്കുള്ള സ്റ്റേറ്റ് അവാർഡ് ലഭിച്ചിരിക്കുന്നു. [വാർത്ത തൊഴിലാളിയിൽ പ്രസിദ്ധീകരിച്ചിരുന്നു]

തൃശൂർ ടൌണിൽ പ്രശസ്തമായ ചാലക്കൽ തറവാട്ടിൽ ശ്രീ; തോമസ് ചാലക്കലിന്റെയും തൃതനായി 1909-ൽ ജനിച്ചു. തൃശൂരിൽ ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തി. എറണാകുളം മഹാരാജാസ് കോളേജ് മൈസൂർ മഹാരാജാസ് കോളേജ് എന്നീ സ്ഥാപനങ്ങളിൽനിന്നും പ്രശസ്തമായനിലയിൽ ഉപരിപഠനം നേടി. 1931-ൽ കാൽഡിയൻ സിറിയൻ ഹൈസ്കൂളിൽ അദ്ധ്യാപകനായിത്തീർന്ന 12 കൊല്ലം അദ്ധ്യാപകനായും 22 കൊല്ലം ഹെഡ് മാസ്റ്ററായും സേവനമനുഷ്ഠിച്ചു. ഇനി 5 കൊല്ലം കൂടി അദ്ദേഹം സർവീസിൽ ഉണ്ടായിരിക്കും.

(സ്വ ലേ)

....

ആയുർവ്വേദമണ്ഡലം പ്രസിഡണ്ട് പൊരുകിയിൽ നാരായണൻ വൈദ്യർ തെരഞ്ഞെടുക്കപ്പെട്ടു

എറണാകുളം, മെ. 25

കോട്ടയത്തുവെച്ച് മെയ് 22, 23 തീയ്യതികളിൽ സംഘടിപ്പിച്ചുകൊണ്ടാടപ്പെട്ട കേരള ആയുർവ്വേദമണ്ഡലത്തിന്റെ വാർഷികത്തിൽവെച്ച് അടുത്തവർഷത്തെ ആയുർവ്വേദമണ്ഡലം പ്രസിഡണ്ടായി എറണാകുളം മാധവ ഫാർമസി ഉടമസ്ഥൻ ശ്രീ പൊരുതിയിൻ നാരായണൻ വൈദ്യരെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തിരിക്കുന്നു.

—

G 1. മുനിസിപ്പാൽ ആഫീസ്, തൃശൂർ, 14-5-65.

പരസ്യം.

....

തൃശ്ശിവപേരൂർ മുനിസിപ്പാൽ സ്കൂളിലുള്ള 17019 കലിപാക്കുകളും, 2425 ടാർവീപ്പകളും വിപണനത്തിന് ടെണ്ടറുകൾ 1965 ജൂൺ 7-ാം തീയതി വൈകുന്നേരം 4 മണിവരെ മുനിസിപ്പാൽ കമ്മീഷ്ണർ സ്വീകരിക്കുന്നതാണ്. ഓരോ ഇനത്തിനും 100 രൂ Earnest Money കെട്ടിവെയ്ക്കേണ്ടതും ഓരോന്നിനും പ്രത്യേകം ടെണ്ടർ തയ്യാറാക്കേണ്ടതുമാണ്. ടെണ്ടർ നിബന്ധനകളെ സംബന്ധിച്ച വിവരങ്ങൾ മുനിസിപ്പാൽ ആഫീസിൽ അറിയിച്ചാൽ അറിയാവുന്നതാണ്.

കമ്മീഷണർ.

WANTED Four T T. C. hands within the prescribed age limits for appointment L. P. S. A's in temporary training vacancies. Retired hands below 59 years may also apply. Apply to the Manager with copy to A. E O. Wadakkancheri within 10 days.

Manager
A. D. V. Peringandur.

WANTED two Sec. T T.C.holders within the prescribed age limit for appointment under the Management of Edathuruthi South S. N. U. L. P. S, Edathuruthi P. O. for a permanent post from 1-6-65 and for a maternity leave vacancy from 2 6-65 on Rs 40-1-20. Apply within 10 days to the Manager by Registered post with a copy to the A. E. O Valapad. Retired hands below 59 may also apply.

WANTED fully qualified hands within prescribed age limits for appointments under the Management of Koorkenchi A M U P. School, Kaipamangalam. 4 Secondary trained post likely to be permanent. Retired qualified teachers below 59 may also apply Apply within 10 days by Regd post to the Manager with copy to the Asst. Educational Officer Valapad.

അൺടെയിർ ലാംഗ്വേജ് ടീച്ചേഴ്സ് അസോസിയേഷൻ

അൺടെയിർ ലാംഗ്വേജ് ടീച്ചേഴ്സിന്റെ ഒരു യോഗം പാലക്കാടിയിൽവച്ച് അഖില കേരള പ്രൈമറ്റ്സ്കൂൾ അദ്ധ്യാപക സംഘടനാ ഇരിങ്ങാലക്കുട ശാഖാ സിക്രട്ടറി ശ്രീ. ടി. കെ. അച്യുതമേനോന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽവച്ച് അൺടെയിൻറ് ലാംഗ്വേജ് ടീച്ചേഴ്സിന്റെ നിർണ്ണായ പ്രശ്നങ്ങൾ പരിഹരിക്കണമായി കെ. ടി. സുബ്രഹ്മണ്യൻ, പ്രസിഡണ്ടായും ശ്രീ. പി. കെ. പോൾ സിക്രട്ടറിയായും, ശ്രീ. വി. ജെ. വാസുദേവൻ ട്രഷറർജിയായും 'ആൾ കേരള അൺടെയിൻഡ് ലാംഗ്വേജ് ടീച്ചേഴ്സ് അസോസിയേഷൻ എന്നൊരു സംഘടന രൂപീകരിച്ചു. പ്രസ്തുതയോഗം അധികാര സ്ഥാനങ്ങളിലേക്ക് ഒരു മെമ്മോറാണ്ടം സമർപ്പിക്കാൻ തീരുമാനിച്ചു.

ഭാഷാദ്ധ്യാപക് കഴിയുന്നതും വേഗം ടെയിനിംഗ് നല്കുക, ജോലി സ്ഥിരത നൽകുക, ഇടക്കാലാശ്വാസവും, വീട് വാടകാ അലവൻസും നൽകുക, വെക്കേഷൻ ശമ്പളം നൽകുക എന്നീ പ്രധാന പ്രശ്നങ്ങളും മെമ്മോറാണ്ടത്തിൽ ഉൾക്കൊള്ളിക്കാനും തീരുമാനിച്ചു.

(സ്വ ലേ)

....

തീർത്ഥാടന-ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ഭിക്ഷാടനം നിയന്ത്രിക്കൽ

നിർദ്ദേശങ്ങൾ തയ്യാറാക്കി വരികയാണെന്ന്

ന്യൂഡൽഹി, മേ. 25

രാജ്യത്ത് ഭിക്ഷാടനം നിയന്ത്രിക്കുന്നതിനും തുടച്ചുമാറ്റുന്നതിനും സംസ്ഥാന നിയമങ്ങൾക്ക് അനുപൂരകമായി കേന്ദ്രനിയമം നിർമ്മിക്കുന്ന പ്രശ്നം സാമൂഹ്യ ക്ഷേമവകുപ്പ് പരിഗണിച്ചുവരുന്നു. ഒരു സംസ്ഥാനത്തുനിന്ന് മറ്റൊരു സംസ്ഥാനത്തേക്ക് കുടിയേറിപ്പാർക്കുന്ന യാചകരുടെകാര്യം നിർദ്ദിഷ്ടനിയമം കൈകാര്യം ചെയ്യുന്നതായിരിക്കും.

ആസൂത്രണ കമ്മീഷൻ ഏർപ്പെടുത്തിയ ഒരു പാനൽ ഈകാര്യം പരിശോധിക്കുകയുണ്ടായി. തീർത്ഥാടനകേന്ദ്രങ്ങളിലേയും വലിയ നഗരങ്ങളിലേയും ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയും ഭിക്ഷാടനം നായനിയ്ക്കുന്നതിന് ഒരു പ്രവർത്തക സംഘം ഇപ്പോൾ നിർദ്ദേശങ്ങളും തയ്യാറാക്കി വരികയാണ്.

ഭിക്ഷാടനം നിയന്ത്രണം സംബന്ധിച്ച പ്രശ്നങ്ങളും പ്രധാനമായും സംസ്ഥാന ഗവർമെന്റുകളാണ് കൈകാര്യം ചെയ്യുന്നത് ഇതിനു മിക്ക സംസ്ഥാനങ്ങളും നിയമം നിർമ്മിച്ചിട്ടുണ്ട്.

യാചകരുടെ ക്ഷേമത്തിനുള്ള സംസ്ഥാനപദ്ധതികളുടെ ചെലവിന്റെ 50 ശതമാനം വരെ കേന്ദ്രഗവർമെണ്ട് വഹിക്കാറുണ്ട്. കുട്ടികളുടെ ഭിക്ഷാടനം നിയന്ത്രിക്കുന്നതിനും നിർമ്മാജ്ജനം ചെയ്യുന്നതിനും 46 ലക്ഷം രൂ. ഉൾപ്പെടെ മൂന്നാം പദ്ധതിയിൽ ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിന് 1.5 കോടി രൂ. നീക്കി വെച്ചിട്ടുണ്ട്.

കുട്ടികളുടെ ഭിക്ഷാടനം നിയന്ത്രിക്കുന്നതിനുള്ള പദ്ധതി ഹൈദരാബാദ്, ബോംബെ എന്നീ പട്ടണങ്ങളിൽ നടപ്പാക്കിക്കഴിഞ്ഞു. ബാഗ്ലൂർ, കൽക്കത്ത, ഡൽഹി, കാൺപൂർ, അഹമ്മദാബാദ്, മദിരാശി എന്നീ പട്ടണങ്ങളിലും ഇതു നടപ്പാക്കാനുദ്ദേശിക്കുന്നു.

....

കണ്ണാടകസംഗീതപഠനത്തിനു സംഗീതനാടക അക്കാഡമി സഹായധനം നല്കുന്നു

തൃശൂർ, മെയ്, 25

കേരളസംഗീതനാടക അക്കാഡമി സെക്രട്ടറി അറിയിക്കുന്നു.

1965-66 ൽ കേരള സംഗീതനാടക അക്കാഡമിയിൽനിന്നും പത്തു വിദ്യാർത്ഥിനീവിദ്യാർത്ഥികളെ കർണ്ണാടക സംഗീതത്തിൽ വായ്പാട്ട്, ഉപകരണസംഗീതം എന്നിവ പഠിക്കുന്നതിനു ധനസഹായം നൽകുവാൻ തീരുമാനിച്ചിരിക്കുന്നതാണ്. പതിനേഴുവയസ്സിനും പത്തുവയസ്സിനും മദ്ധ്യേ പ്രായമുള്ള കുട്ടികളെ മാത്രമേ തിരഞ്ഞെടുക്കുകയുള്ളൂ. പ്രതിവർഷത്തേയ്ക്ക് 1200 രൂപയിൽ കവിയാത്ത വരുന്ന കുട്ടികൾക്കുമാത്രമുള്ള ഈ ധനസഹായം ഒരു കുട്ടിയ്ക്കു പ്രതിമാസം 25 രൂ വീതം ഒരു വർഷത്തേക്ക നൽകുന്നതായിരിക്കും. നിശ്ചിതഫോറത്തിലുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാനദിവസം 15-6-1965 ആണ്. സിക്രട്ടറി കേരള സംഗീതനാടക അക്കാഡമി തൃശൂർ എന്ന വിലാസത്തിൽ 10 പൈസയുടെ തപാൽസ്റ്റാമ്പുസഹിതം അപേക്ഷിക്കുന്നവർക്ക് അപേക്ഷാഫോറം അയച്ചുകൊടുക്കുന്നതാണ്. അപേക്ഷ നോക്കിയശേഷം ഇൻറർവ്യൂവിനു വിളിക്കുന്നതും ആയതിനു കുട്ടികൾക്കും സ്വന്തം ചിലവിൽ സംഗീതനാടക അക്കാഡമി ആഫീസിൽ വരേണ്ടതുമാണ്.

നിര്യാതനായി

മദ്രാസ്, മേ. 24

സ്വാതന്ത്ര്യ പ്രമുഖ വക്കീലായ ശ്രീ. കെ. എ. ജോസഫ് വാൽക്യസഹജമായ സമചിത്തതയോടെ നിർഭയനായിരിക്കുന്ന. ശവസംസ്കാരം രാവ. ഫാ. ജോൺ മാത്യേക്കലിന്റെ പ്രധാന കാർമ്മികത്വത്തിൽ പള്ളിസിമിത്തേരിയിൽ നിർവ്വഹിക്കപ്പെട്ടു.

കമ്മ്യൂ: ഭരണത്തേക്കാൾ മെച്ചം സമാന്തര ഭരണം "പ്രവദ"യുടെ കുറ്റപത്രം

മോസ്ക്കോ, മെ. 24

ഇപ്പോഴത്തെ ഭൂനൃകാശയഗത്തിലുള്ളതിലും വേഗത്തിൽ, സമാന്തരഭരണകാലത്തു് റഷ്യാക്കാർക്ക് താലൂത്തപ്പെടികം കിട്ടിവന്നിരുന്നു എന്നു് പ്രവദാ പരാതിപ്പെട്ടിരിക്കുന്നു.

മോസ്ക്കോവിലെ ഒരു തപാൽ, 125 മൈൽ അകലെയുള്ള തുള എന്നസ്ഥലത്തെ ഒരു മേൽവിലാസക്കാരനു കൊടുക്കാനിടുന്നകത്തിനു് എന്തു സംഭവിക്കുമെന്നു് പരിശോധിച്ചറിയുവാൻ കമ്മ്യൂ. പാർട്ടി മുഖപത്രമായപ്രവ്ദാ ഒരു പ്രത്യേകപ്രതിനിധിയെനിയോഗിക്കുകയുണ്ടായി.

ഈ എഴുത്തു് ലക്ഷ്യത്തിലെത്താൻ മൂന്നോ നാലോ ദിവസം വേണ്ടി വരുമെന്നാണ് പരിശോധനയിൽനിന്നു് തെളിഞ്ഞതു്. എന്നാൽ, 1909-ൽ ഇതിനു് 24 മണിക്കൂർ മതിയായിരുന്നതേ!

[റോയിട്ടർ]

പാക്കിസ്ഥാനു ചൈനയുടെ പിന്തുണ കമ്മ്യൂ: പാർട്ടിയുടെ അപലപനം

[പി ടി ഐ] ബാങ്കളൂർ, മേ. 24

ഇന്ത്യയുടെ നേരെയുള്ള പാക്കിസ്ഥാനി ആക്രമണത്തെ ചൈന പിന്താങ്ങുന്നുണ്ടെന്ന്, കമ്യൂണിസ്റ്റ് പാർട്ടിയുടെ കണ്ണൂർക കൌൺസിൽ അംഗീകരിച്ച ഒരു പ്രമേയത്തിൽ പറയുന്നു.

പാക്കു് ആക്രമണത്തെ പ്രമേയം അപലപിക്കുകയും താഷ്ക്കന്റിന്റെ പ്രതിരോധത്തിനു് സമ്പൂർണ്ണ പിന്തുണയും വാഗ്ദാനം ചെയ്യുകയും ചെയ്തു.

പാക്കിസ്ഥാനു പിന്നിൽ ആംഗ്ലോ അമേരിക്കൻ ശക്തികളുണ്ടെന്നും പ്രമേയത്തിൽ പറഞ്ഞു. പാക്കിസ്ഥാനെ ചൈന സഹായിക്കുന്നതിനേയും കൌൺസിൽ അപലപിച്ചു.

ബ്രിട്ടന്റെ സമ്മർദ്ദത്തിനു് ഇന്ത്യ വഴങ്ങരുതെന്നും പാക്കിസ്ഥാൻ സ്റ്റാറ സ്വൈ പുനഃസ്ഥാപിക്കുന്നതുവരെ ഒരു കൂടിയാലോചനക്കും തയ്യാറാവരുതെന്നും പ്രമേയം നിർദ്ദേശിക്കുകയുണ്ടായി.

—

കേരളത്തിലെ ജില്ലകളെ പ്പറ്റി റേഡിയോ ഡോക്യുമെന്ററി

തിരുവനന്തപുരം-കോഴിക്കോട് നിലയങ്ങളുടെ പരിപാടി

എറണാകുളം, മെ. 25

കേരളത്തിലെ വിവിധ ജില്ലകളെപ്പറ്റി ജനങ്ങൾ സംസ്കാരം, വികസനപ്രവർത്തനങ്ങൾ, വാണിജ്യം, വ്യവസായം തുടങ്ങിയവകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ആൾ ഇന്ത്യാ റേഡിയോവിന്റെ തിരുവനന്തപുരം-കോഴിക്കോട് നിലയങ്ങൾ ഒരു റേഡിയോ ഡോക്യുമെന്ററി പരമ്പര പ്രക്ഷേപണം ചെയ്തുവരുന്നതാണ്. ഇതിലാദ്യത്തേതു് ആലപ്പുഴ ജില്ലയെക്കുറിച്ച് ജൂലൈയിൽ പ്രക്ഷേപണം ചെയ്യപ്പെടും.

ഈ വാരാന്ത്യത്തിൽ കോഴിക്കോട്ട് ചേന്ന പരിപാടി ഉപദേശകസമിതി യോഗത്തിൽ പ്രസ്തുവിക്കപ്പെട്ടതാണ് ഇക്കാര്യം. സ്റ്റേഷൻ ഡയറക്ടർ ശ്രീ. ജി. പി. എസ്. നായർ ആദ്ധ്യക്ഷം വഹിച്ചു.

യോഗം അടുത്തകാലത്തെ പ്രക്ഷേപണപരിപാടികളെ അവലോകനം ചെയ്യുകയും വന്നുന ഏതാനും മാസത്തേയ്ക്കു നിർദ്ദേശിച്ചിട്ടുള്ള പരിപാടികൾ പരിശോധിക്കുകയും ചെയ്തു. കുട്ടികളുടെയും യുവാക്കളുടെയും പ്രയോജനകരമായ വാസനകൾ വളർത്തിക്കൊണ്ടുവരുന്നതിനു റേഡിയോ പരിപാടികളിൽ അവരെ കൂടുതൽ കൂടുതൽ പങ്കെടുപ്പിക്കണമെന്നു് സമിതി അഭിപ്രായപ്പെട്ടു.

ആഗസ്റ്റ് മുതൽ പരിപാടികളുടെ ഘടനയിൽ വരുത്താവുന്നദ്ദേശിക്കുന്ന മാറ്റങ്ങളും യോഗത്തിൽ വിശദീകരിക്കപ്പെട്ടു. കേരളത്തിലെ പ്രമുഖ നാടകസമാരെക്കൊണ്ടു് "എനിക്കേറ്റവും ഇഷ്ടപ്പെട്ട രോഗം" എന്ന പേരിൽ പ്രഭാഷണങ്ങളും പ്രക്ഷേപണം ചെയ്യുക്കുന്നതാണ്. ജനങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളെക്കുറിച്ച് 80 വയസ്സുകഴിഞ്ഞ പ്രശസ്തന്മാരെക്കൊണ്ടു് പ്രഭാഷണങ്ങളും ചെയ്യിക്കാനും ഉദ്ദേശിക്കുന്നു. കാണക്കാലത്തു് ഒരു കവി സമ്മേളനവും ഒരു ചെറുകഥാവാരവും സംഘടിപ്പിക്കുന്നതാണ്.

കഥകളി വളരെ പ്രചാരം നേടിവരികയാണെന്നു് സമിതി അഭിപ്രായപ്പെട്ടു. കഥകളിപ്പദങ്ങളും പാരമ്പരികമായ രീതിയിൽ അവതരിപ്പിക്കാനുള്ള മാർഗ്ഗങ്ങളും യോഗം പരിഗണിച്ചു. സാംസ്കാരിക സംഭവങ്ങളും പ്രത്യേക ന്യൂസ് റീലുകളും പ്രക്ഷേപണം ചെയ്യുന്നതു് പരിഗണിക്കുമെന്നു് സമിതി ഭാരവാഹികൾ അറിയിച്ചു.

....o....

പരീക്ഷയിൽ തോറ്റതിനു് ആത്മഹത്യചെയ്തു

[സ്വ ലേ] തൃശൂർ, മേ. 25

സ്റ്റാംഫൈനൽ പരീക്ഷയിൽ തോറ്റുപോയതിലുള്ള നിരാശമൂലം ശാരദ (20) എന്ന ഒരു വിദ്യാർത്ഥിനി വടക്കേച്ചിറയിൽ ചാടി ആത്മഹത്യചെയ്തതായി റിപ്പോർട്ടുചെയ്യപ്പെടുന്നു.

പരസ്പരധാരണയും സൗമനസ്യവും വളർത്തുക

എലിസബത്തു രാജ്ഞിയുടെ കോമൺവെൽത്തു് ദിനസന്ദേശം

ന്യൂഡൽഹി, മേയ് 25

കോമൺവെൽത്തു ദിനം പ്രമാണിച്ചു എലിസബത്തു് രാജ്ഞി ജോയിൻറ് കോമൺവെൽത്തു് സൊസൈറ്റിസ് കൌൺസിലിനു് നൽകിയ സന്ദേശം താഴെ കൊടുക്കുന്നു:

"ക്രിസ്മസ്സ് നാളിൽ ഞാൻ കോമൺവെൽത്തിനെക്കുറിച്ചു സംസാരിച്ചപ്പോൾ നമ്മെയെല്ലാം പലപ്പോഴും ഇതിക്രിത്വത്തുമുദ്ധാക്കുള്ള ഗൌരവാവഹമായ ലോകപ്രശ്നങ്ങളെ പരാമർശിക്കുകയുണ്ടായി.

എന്നാൽ, ഏതുപ്രായ പരിധിയിലും ജീവിതത്തുരകളിലും പെട്ടവരായാലും, നമുക്കെല്ലാവർക്കും നിഷ്പ്രയാസം കഴിയുന്ന ചില പ്രായോഗിക സംഗതികളും ഈ പ്രഥമ കോമൺവെൽത്തു ദിന സന്ദേശത്തിൽ ഞാൻ നിർദ്ദേശിക്കുകയാണ്.

തികച്ചും ഫലപ്രദമായ രീതിയിൽ പരസ്പരസഹായം നടത്തുവാൻ ജനങ്ങളെ ഉത്തേജിപ്പിക്കുന്നതിനും അവർക്ക് മാർഗ്ഗദർശനം നൽകുന്നതിനും പരസ്പരധാരണയും സൌമനസ്യവും വളർത്തുകയാണ് ഇന്നത്തെ ഏറ്റവും അടിയന്തിരമായ ആവശ്യം.

കാര്യങ്ങൾ ചെയ്യുന്നതിലും സംഗതികളെ വീക്ഷിക്കുന്നതിലും നിരവധി സമ്പ്രദായങ്ങൾ പങ്കുവെയ്ക്കുവാൻ കഴിയുമെന്നതു് കോമൺവെൽത്തിൽപ്പെട്ട നമ്മെ സംബന്ധിച്ചിടത്തോളം ഒരു നല്ല സംഗതിയാണു്. ഇതുമൂലം നമുക്കു രാജ്യങ്ങൾ തമ്മിലുള്ള സഹകരണം സുഗമമാകുന്നു. എന്നാൽ, ദീർഘകാലമടിസ്ഥാനത്തിൽ, നമ്മുടെ ഗവണ്മെണ്ടുകൾ തമ്മിലുള്ള അടുപ്പം ജനങ്ങൾ തമ്മിലുള്ള അടുപ്പത്തെ ആശ്രയിച്ചിരിക്കും.

ഭാവികാലങ്ങളിൽ ലോകക്ഷേമത്തിനു ഉതകുന്നരീതിൽ പ്രവർത്തിക്കുവാനുള്ള ദീർഘദൃഷ്ടിപരവും ഉൾപ്പുമായ സഹോദരബോധവും നമ്മിലുളവാക്കുന്നതിനു്, മറ്റു കോമൺവെൽത്തു് രാജ്യങ്ങളിലുള്ള ജനങ്ങളെക്കുറിച്ചു് കൂടുതൽ അറിയുവാനും സാധ്യമായ വിധത്തിൽ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സഹകരിക്കുവാനുമുള്ള എല്ലാ അവസരവും ഉപയോഗപ്പെടുത്തുമെന്നതായിരിക്കണം നമ്മുടെ തീരുമാനം.

ഈ മഹത്തായ പ്രയത്നത്തിൽ നിങ്ങൾക്കെല്ലാവർക്കും എൻറെ ഹൃദയംനിറഞ്ഞ ശുഭാശംസകളും നേർന്നുകൊള്ളുന്നു."

—o—

ഹോട്ടലുടമകൾ പ്രത്യക്ഷസമരത്തെപ്പറ്റി ആലോചിക്കുന്നു

[സ്വ ലേ] തൃശൂർ, മേ. 24

"ഹോട്ടലുകൾക്കുള്ള റേഷൻ വിതരണനയത്തിൽ സ്റ്റോറേജ് ഗവർമെണ്ട് ഇന്നും കൈക്കൊണ്ടിരിക്കുന്ന നിരോധനാജനകമായ നയംമൂലം കേരളമൊട്ടുക്കുള്ള ഹോട്ടൽ-റെസ്റ്റോറൻറ് വ്യാപാരികളും അഭിമുഖീകരിക്കുന്ന വിഷമപ്രശ്നങ്ങളെപ്പറ്റി" ഇന്നലെ വൈകുന്നേരം ഹോട്ടൽ അസ്സോസ്സിയേഷൻ വെച്ച് ശ്രീ. പി. കേരളവർമ്മ രാജാ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ അഖില കേരള ഹോട്ടൽ ഉടമസ്ഥസംഘത്തിന്റെ ഒരു യോഗം ചർച്ചചെയ്തിരിക്കുന്നു.

ഗവ. ന്റെ നയത്തിൽ യോഗം ഉൽക്കണ്ഠ രേഖപ്പെടുത്തി.

സംസ്ഥാനത്തെ ഓരോ പൌരനും ഇന്ന് ഒരു ദിവസത്തേക്ക് അനുവദിച്ചിരിക്കുന്ന രണ്ടരയൂണിറേ [160 ഗ്രാം] അരി ഹോട്ടലുകളിൽ ആഹാരം കഴിക്കുന്നവർക്കും അനുവദിക്കണമെന്നും അതനുസരിച്ചുള്ള അരിവിഹിതം ഓരോരുത്തരുടേയും ഇഷ്ടാനുസരണം ഒരു നേരമായി ഉപയോഗിക്കണമെങ്കിൽ അപ്രകാരം കൊടുക്കുന്നതിനു സിവിൽ സപ്ലൈസ് അധികൃതരുടെ അംഗീകാരം കിട്ടണമെന്നും യോഗം ആവശ്യപ്പെട്ടു. ഇപ്പോൾ ഊണ് കുന്നിനു 80 ഗ്രാം അരി മാത്രമാണ് അനുവദിച്ചിട്ടുള്ളതു്.

അതുപോലെതന്നെ പലഹാരത്തിനു് ഓരാൾക്ക് 32 ഗ്രാം അരി എന്ന തോതിൽ റസ്റ്റോറണ്ടുകൾക്കും അരിവിഹിതം അനുവദിക്കേണ്ടതാണെന്നും യോഗം ആവശ്യപ്പെട്ടു. മേയ് 31-ാംതീയതിക്കുള്ളിൽ വ്യക്തമായ ഒരു തീരുമാനം സർക്കാരിൽനിന്നും ലഭിക്കാത്തപക്ഷം പ്രത്യക്ഷനടപടികൾ സ്വീകരിക്കേണ്ടിവരുമെന്നു് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ അറിയിക്കുവാൻ യോഗം പ്രസിഡണ്ടിനെ അധികാരപ്പെടുത്തി.

....o....

യു. പി. യിൽ ഗ്രൂപ്പിസം മൂച്ചിൽതന്നെ

ജണ്ഡാസിംഗിന്റെ നിയമത്തിൽ ഗ്രൂപ്പുക്ക് അതൃപ്തി

ന്യൂഡൽഹി, മേ. 25

യു. പി. മന്ത്രിസഭയിലേക്ക് ശ്രീ. ജണ്ഡാസിംഗിനെ തെരഞ്ഞെടുത്തതു് ശ്രീമതി സുചേത കൃപലാനി സ്വതന്ത്ര രാഷ്ട്രീയ വീക്ഷണമനുസരിച്ചുതു് ചെയ്തതാണെന്നും താനുൾപ്പെട്ടനിൽക്കുന്ന ഗ്രൂപ്പിന്റെ അംഗീകാരം ആ നടപടിയ്ക്കില്ലെന്നും വിശ്വാസനീയമായറിയുന്നു.

ശ്രീ. സി. ബി. ഗുപ്തയും ഈ നിയമനത്തിൽ താല്പര്യമില്ലെന്നുള്ളതിന്റെ തെളിവായിട്ടാണ് അദ്ദേഹത്തിന്റെ ഉറ്റസുഹൃത്തുക്കളായ ബനാറസി ദാസും, കൈലാസും പ്രകാശും ജണ്ഡാസിംഗിന്റെ സത്യപ്രതിജ്ഞാകർമ്മത്തിൽ പങ്കെടുക്കാഞ്ഞതിനെ രാഷ്ട്രീയവൃത്തങ്ങളും വ്യാഖ്യാനിക്കുന്നതു്. ശ്രീ. കമലാപതി ത്രിപാഠി ക്യാബിനറിലുണ്ടായിരുന്നപ്പോൾ അദ്ദേഹം വഹിച്ചിരുന്ന ഉയർന്ന പദവി ശ്രീ. ജണ്ഡാ സിംഗിനും നേടാൻ കഴിയുമെന്നാണ് കരുതപ്പെടുന്നതു്.

ഒരു ലേബർ നേതാവും പഞ്ചസാര വ്യവസായം സംബന്ധിച്ച് വൈദഗ്ധ്യം നേടിയ ആളുമായ ശ്രീ. ജണ്ഡാസിംഗിനു് എട്ടു് എം. എൽ. എ. മാരുടെ പിന്തുണ പിന്തുണയുണ്ടു്. ആ നിലയ്ക്കു് ശ്രീ. ജണ്ഡാസിംഗിന്റെ നിയമനം സുചേതയുടെ കരങ്ങളെ ശക്തമാക്കുകയുള്ളൂ. ഈ കാരണത്താൽ ശ്രീ. ഗുപ്ത ഇങ്ങിനെ എതിർക്കുന്നതു് അത്ഭുതമുണ്ടാക്കുന്നുണ്ടെന്നാണ് നിരീക്ഷകർ കരുതുന്നതു്. [യു പി എസ്]

....o....

വഞ്ചിമുങ്ങി 150 പേർ മുങ്ങിമരിച്ചു

[റോയിട്ടർ] ലിവോണ്ടേ, മദ്ധ്യധരണ്യാഴി, മെയ് 25

ഷോർ നദിയിൽ ഒരു വഞ്ചി മുങ്ങിയതിനെ തുടർന്നു് 150 പേർ മുങ്ങിമരിച്ചിരിക്കുന്നു. ഇവരിൽ ഭൂരിപക്ഷവും സ്ത്രീകളും കുഞ്ഞുങ്ങളുമാണു്.

പ്രധാനമന്ത്രി ഫോസ്സിംഗ്സ് ബണ്ടാ പ്രസംഗിച്ച ഒരു യോഗത്തിൽ പങ്കെടുത്തശേഷം മടങ്ങുകയായിരുന്ന ഇവരിൽ നല്ലൊരുഭാഗം.

ഇതുവരെ ഒരാളുടെ മൃതദേഹംമാത്രമേ കണ്ടെടുക്കപ്പെട്ടിട്ടുള്ളൂ.

....

പാക്കിസ്ഥാനു് അന്ത്യശാസനംനല്കണമെന്നു് ജോഷ്യ

പി ടി ഐ കൽക്കട്ട, മേ. 25

റാൺമാഫ് കച്ചിൽ കയ്യടക്കിവെച്ചിരിക്കുന്ന പ്രദേശത്തുനിന്നും പാക്കിസ്ഥാൻ ഒഴിഞ്ഞുപോകുന്നതിനു് വ്യക്തമായ ഒരു സമയപരിധി നല്കണമെന്നും പ്രസ്തുതകാലത്തിനുള്ളിൽ ഒഴിഞ്ഞുപോകുന്നില്ലെങ്കിൽ അതു ഇന്ത്യയുടെ നേരെയുള്ള ഒരു യുദ്ധനടപടിയായി പരിഗണിക്കണമെന്നും സംയുക്ത സോഷ്യലിസ്റ്റു പാർട്ടിപ്രവർത്തകസമിതി മി. എസ്. എം. ജോഷി പ്രസ്താവിച്ചിരിക്കുന്നു.

പശ്ചിമബങ്കാൾ എസ് എസ്. പി എക്സിക്യൂട്ടീവ് യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പാക്കിസ്ഥാനേറയും ചൈനയുടേയും ആക്രമണത്തിനെതിരായി ജനങ്ങളെ ഉണർത്തുന്നതിനിന്റെ അടിസ്ഥാനത്തിൽ ഒരു ദേശീയമുന്നണി രൂപീകരിക്കുവാൻ അദ്ദേഹം രാജ്യത്തെ എല്ലാ പ്രതിപക്ഷകക്ഷികളേയും ആഹ്വാനംചെയ്തു.

—

ഉൽക്കകളെ കണ്ടുപിടിക്കുന്നതിനുള്ള ഉപഗ്രഹം അമേരിക്ക വിക്ഷേപിച്ചു

[റോയിട്ടർ] കേപ് കെന്നഡി, മെയ് 25

ഉൽക്കകളെ തെരഞ്ഞുപിടിക്കാനുള്ള ഒരു കൃത്രിമ ഉപഗ്രഹത്തെ ഭീമാകാരമായ 'സാറേൺ' റോക്കറ്റ് വഴി അമേരിക്ക ഇന്നു് വിക്ഷേപണം ചെയ്തിരിക്കുന്നു. 15 മിനിട്ടു കഴിഞ്ഞപ്പോൾ ഉപഗ്രഹം ഭ്രമണപഥത്തിൽ പ്രവേശിച്ചു.

ബഹിരാകാശവാഹനങ്ങൾക്കും അതിലെ സഞ്ചാരികൾക്കും അപകടമുണ്ടാക്കുന്ന ഉൽക്കകളെ കണ്ടുപിടിക്കുകയാണു് പെഗാസൂസിന്റെ ദൌത്യം. ഈ ഉപഗ്രഹം ശരിയായ നിലയിൽ ഭൂമിയെ ചുറ്റിക്കൊണ്ടിരിക്കയാണെന്നു് കേപ് കെന്നഡി അധികൃതർ പറഞ്ഞു.

ഈ ഉപഗ്രഹം വിക്ഷേപിച്ച 'സാറേൺ' അമേരിക്കയുടെ ഏറ്റവും ശക്തിയേറിയ റോക്കറ്റാണ്.

....

അപേക്ഷ ക്ഷണിക്കുന്നു

തൃശൂർ മെയ് 25

വ്യവസായ വാണിജ്യവകുപ്പിൽ അനലിസ്റ്റ്, പോർട്ടിൻഡ്സ് ഡ്രൈവർ എന്നീ ജോലികൾക്കുള്ള പബ്ലിക് സർവ്വീസ് കമ്മീഷ